# Did God Appear in the Flesh?

# ദൈവം ജഡത്തിൽ വെളിപ്പെട്ടുവോ?

## ചോദ്യോത്തരങ്ങൾ

**Iskander Jadeed**

*Published by*

P.B. No. 45
Kayamkulam - 690 502- Kerala.

**Did God Appear in the Flesh?**
(Malayalam)

by
Iskander Jadeed

October 2005

All rights strictly reserved. No part of this Publication may be translated, or transmitted on any form or by any means electronic or mechanical, including photocopy, recording or any information storage and retrieval system without permission in writing from the publisher.

Price Rs. 5.50

No. of Copies: 5000

Published by

P.B. No. 45
Kayamkulam - 690 502
Kerala.

Printed at
P.P. George & Sons,
Angamaly - 683 572
Ph: 0484 - 2456719

# ദൈവം ജഡത്തിൽ വെളിപ്പെട്ടുവോ?

## അദ്ധ്യായം 1

**ചോദ്യം:-**

*“യേശുക്രിസ്തു ജഡത്തിൽ വെളിപ്പെട്ട ദൈവമാണെന്നു പറയുന്നതിന്റെ അർത്ഥമെന്താണ്? നിങ്ങളുടെ വിശ്വാസം അതാണെങ്കിൽ മനുഷ്യാവതാരത്തിന്റെ ആവശ്യകത എന്തായിരുന്നു?”* F.K. Tripoli, Lebanon.

1. നാം പരിഗണിക്കേണ്ട ഒന്നാമത്തെ കാര്യം, മനുഷ്യന്റെ ആത്മാവ് ആഗ്രഹിക്കുന്ന നിലയിൽ പൂർണ്ണതയിൽ എത്തുവാൻ കഴിയുന്നില്ല എന്നതാണ്; കാരണം പാപം ഏറ്റവും വലിയ തടസ്സമായി വഴിയിൽ കിടക്കുന്നു.

ഇതേ സത്യമാണ് അപ്പോസ്തലനായ പൗലോസ് തന്റെ വാക്കുകളിൽ വെളിപ്പെടുത്തുന്നത്; “നന്മ ചെയ്യുവാനുള്ള താല്പര്യം എനിക്കുണ്ട്. പ്രവർത്തിക്കുന്നതോ ഇല്ല. ഞാൻ ചെയ്‌വാൻ ഇച്ഛിക്കുന്ന നന്മ ചെയ്യുന്നില്ലല്ലോ ഇച്ഛിക്കാത്ത തിന്മയത്രെ പ്രവർത്തിക്കുന്നത്; ഞാൻ ഇച്ഛിക്കാത്തതിനെ ചെയ്യുന്നുവെങ്കിലോ അതിനെ പ്രവർത്തിക്കുന്നത് ഞാനല്ല; എന്നിൽ വസിക്കുന്ന പാപമത്രെ. അങ്ങനെ നന്മചെയ്‌വാൻ ഇച്ഛിക്കുന്ന ഞാൻ തിന്മ എന്റെ പക്കൽ ഉണ്ട് എന്നൊരു പ്രമാണം കാണുന്നു. ഉള്ളംകൊണ്ട് ഞാൻ ദൈവത്തിന്റെ ന്യായപ്രമാണത്തിൽ രസിക്കുന്നു. എങ്കിലും എന്റെ ബുദ്ധിയുടെ പ്രമാണത്തോട് പോരാടുന്ന വേറൊരു പ്രമാണം ഞാൻ എന്റെ അവയവങ്ങളിൽ കാണുന്നു. അത് എന്റെ അവയവങ്ങളിലുള്ള പാപപ്രമാണത്തിന് എന്നെ ബദ്ധനാക്കിക്കളയുന്നു” (റോമ. 7:18-23).

2. മനുഷ്യൻെറ ആത്മാവിലുള്ള പോരാട്ടത്തെക്കുറിച്ച് അപ്പോസ്തലൻ ഇവിടെ വിശദീകരിക്കുന്നതായി നാം കാണുന്നു. അതായത്, നന്മയും തിന്മയും തമ്മിലുള്ള പോരാട്ടത്തെക്കുറിച്ചും മനുഷ്യൻെറ ഹൃദയത്തെ സന്തോഷിപ്പിക്കുന്ന ദൈവിക ന്യായപ്രമാണവും മനുഷ്യനെ അടിമയാക്കുന്ന പാപത്തിൻെറ പ്രമാണവും തമ്മിലുള്ള പോരാട്ടത്തെക്കുറിച്ചും അപ്പോസ്തലൻ വിശദീകരിക്കുന്നു. ആ പാപത്തിൻെറ പ്രമാണം മനുഷ്യനാഗ്രഹിക്കാത്ത തിന്മ ചെയ്യുവാൻ അവനെ പ്രേരിപ്പിക്കുന്നു. ഏതായാലും അപ്പോസ്തലൻ മരണത്തിനും പാപത്തിനും അധീനമായ തൻെറ ശരീരത്തിൽ നിന്നും വിടുവിക്കപ്പെടുവാൻ വേണ്ടി വിലപിക്കുന്നതായി കാണുന്നു; "അയ്യോ ഞാൻ അരിഷ്ടമനുഷ്യൻ! ഈ മരണത്തിനധീനമായ ശരീരത്തിൽ നിന്നും എന്നെ ആർ വിടുവിക്കും?" (റോമ. 7:24). ജഡമെടുത്ത ദൈവവചനമായ ക്രിസ്തുവിൻെറ ദർശനം അവനു ലഭിച്ചപ്പോൾ സന്തോഷത്തോടുകൂടി പറയുന്നു; "നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം ഞാൻ ദൈവത്തിന് സ്തോത്രം ചെയ്യുന്നു" (റോമ. 7:25).

ഈ വലിയ രഹസ്യം ദൈവഭക്തനായ ഇയ്യോബിന് വെളിപ്പെട്ടിരുന്നു. അവൻ കഷ്ടതകളുടെയും പരിശോധനകളുടെയും നീർക്കയത്തിൽ മുങ്ങിത്താണപ്പോൾ, അവൻെറ ഹൃദയാന്തർഭാഗത്തുനിന്നും ഉയർന്നുപൊങ്ങിയ ഉല്ക്കടമായ അഭിവാഞ്ഛയായിരുന്നു, അവനും ദൈവത്തിനും ഇടയിൽ ഒരു മദ്ധ്യസ്ഥൻ ഉണ്ടായിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു എന്നുള്ളത്. അവൻെറ വാക്കുകൾ ശ്രദ്ധിക്കുക; "ഞങ്ങളെ ഇരുവരേയും പറഞ്ഞുനിർത്തേണ്ടതിന് ഞങ്ങളുടെ നടുവിൽ ഒരു മദ്ധ്യസ്ഥനുമില്ല അവൻ തൻെറ വടി എങ്കൽ നിന്നു നീക്കട്ടെ, അവൻെറ ഘോരത്വം എന്നെ പേടിപ്പിക്കാതിരിക്കട്ടെ; അപ്പോൾ ഞാനവനെ പേടിക്കാതെ സംസാരിക്കും; ഇപ്പോൾ എൻെറ സ്ഥിതി അങ്ങനെയല്ലല്ലോ" (ഇയ്യോ. 9:33-35). അങ്ങനെ ദൈവികസത്തയിലെ രണ്ടാമത്തെ ആളത്വം (അറബി



യിൽ - ഉഖ്നൂം) ഒരു മദ്ധ്യസ്ഥനാകുവാൻ വേണ്ടി മനുഷ്യനായി അവതരിച്ചു. ആ ക്രിസ്തു വീണ്ടെടുപ്പിനോടുള്ള ബന്ധത്തിൽ മനുഷ്യൻെറ ആവശ്യങ്ങളെ നിറവേറ്റുകയും അവനെ ദൈവത്തോട് നിരപ്പിക്കുകയും ചെയ്തു.

3. ഓരോ മനുഷ്യനും തൻെറ സ്വന്തം അനുഭവത്തിൽ നിന്ന് മനസ്സിലാക്കുന്ന കാര്യമാണ്, തിന്മ പ്രവർത്തിക്കുവാനുള്ള പ്രവണത തന്നിൽ കുടികൊള്ളുന്നു എന്നും താൻ പരിതാപകരമാംവിധം അതിന്ന് വിധേയനായിത്തീരുന്നു എന്നുമുള്ളത്. അപ്പോസ്തലൻ പറയുന്നത് ശ്രദ്ധിക്കുക; "ഒരു വ്യത്യാസവുമില്ല, എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു" (റോമ. 3:23) "നമുക്ക് പാപമില്ല എന്നു നാം പറയുന്നുവെങ്കിൽ നമ്മെത്തന്നെ വഞ്ചിക്കുന്നു; സത്യം നമ്മിൽ ഇല്ലാതെയായി" (1യോഹ. 1:8). ഈ സത്യത്തെ ഇസ്ലാമും അംഗീകരിക്കുന്നുണ്ട്: ഖുറാൻ എന്തു പറയുന്നു എന്നു നോക്കാം.

وَلَوْ يُؤَاخِذُ اللَّهُ النَّاسَ بِظُلْمِهِمْ مَا تَرَكَ عَلَيْهَا مِنْ دَابَّةٍ وَلَٰكِنْ
يُؤَخِّرُهُمْ إِلَىٰ أَجَلٍ مُسَمًّى ۖ فَإِذَا جَاءَ أَجَلُهُمْ لَا يَسْتَأْخِرُونَ
سَاعَةً ۖ وَلَا يَسْتَقْدِمُونَ

സൂറ. 16:61. "മനുഷ്യരുടെ അക്രമം നിമിത്തം അവരെ പെട്ടെന്ന് അല്ലാഹു പിടിച്ചു ശിക്ഷിക്കുന്ന പക്ഷം, ഒരൊറ്റ ജീവിയെയും അവൻ ഭൂമുഖത്ത് ശേഷിപ്പിക്കയില്ലായിരുന്നു." ആകയാൽ ചാരിത്രികമായി മാത്രമല്ല ബുദ്ധിപരമായി ചിന്തിച്ചാലും, ജഡിക മനുഷ്യന് ആത്മീയമായ ഉന്നതനിലവാരം പുലർത്തണമെങ്കിൽ തന്നെക്കാൾ ഉന്നതനായ ഒരു വ്യക്തിയുടെ സഹായം അവന് അത്യന്താപേക്ഷിതമാണ് എന്നു മനസ്സിലാക്കാം.

4. അങ്ങനെ മനുഷ്യൻെറ കുറവുകളേയും പരാജയങ്ങളേയും കുറിച്ചുള്ള വിശദീകരണത്തിൽ നമ്മുടെ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കയാണ്. ആദാമിൻെറ വീഴ്ചയ്ക്കു മുമ്പുള്ള അവസ്ഥയിലേക്ക് മനുഷ്യൻ ഉയരുക എന്നുള്ളതാണ് നമ്മുടെ ലക്ഷ്യം. ആകയാൽ നമ്മുടെ ചിന്ത ഇവിടെ അവസാനിപ്പിച്ചാൽ അത് നാം പരാജയപ്പെടുന്നതിന് തുല്യമായിരിക്കും. ഈ പാഴ് വേലമൂലം ദൈവം ഉദ്ദേശിക്കുന്ന ലക്ഷ്യം നിറവേറപ്പെടുമെന്ന് വിചാരിക്കുവാനും സാദ്ധ്യമല്ല. എന്നാൽ വലിയവനായ ദൈവം നല്ലവനും അവൻെറ ദയ തീർന്നുപോകാത്തതുമാകുന്നു. ഇങ്ങനെയുള്ള ഒരു വിഷമസ്ഥിതിയിൽ തൻെറ സാദൃശ്യത്തിൽ നിർമ്മിച്ച മനുഷ്യനെ ദൈവം നിത്യനാശത്തിലേക്ക് തള്ളിക്കളയുമെന്ന് വിചാരിക്കുവാൻ ന്യായമില്ല. കാരണം അവൻ കരുണാസമ്പന്നനാണ്. ദൈവത്തിൻെറ ഉദ്ദേശ്യം നിറവേറ്റുന്നതിൽ മനുഷ്യൻ പരാജയമടഞ്ഞപ്പോൾ, അവനെ പരിപൂർണ്ണനാക്കുവാൻ ദൈവം മറ്റൊരു വ്യക്തിയെ മുൻകണ്ടിരുന്നു. ആരാണ് ആ വ്യക്തി? പരിപൂർണ്ണ വിശുദ്ധി പ്രാപിച്ച ഒരു സൃഷ്ടിയാണൊ അവൻ? അതോ അവൻ ദൈവം തന്നെയോ?

5. ശരിയായ അടിസ്ഥാനത്തിന്മേൽ നമുക്ക് നമ്മുടെ കാലുകളെ ഉറപ്പിക്കാം. മതതത്വങ്ങളിൽ അടിസ്ഥാനപ്പെട്ടതാണെങ്കിലും നമ്മുടെ സ്വന്തം പ്രമാണങ്ങൾ മൂലം നാം വ്യതിചലിച്ചു പോകുവാൻ ഇടവരരുത്. കാരണം, ഇങ്ങനെയുള്ള വീക്ഷണഗതിയെ നാം അംഗീകരിച്ചാൽ അത് സത്യത്തിൽനിന്ന് നമ്മെ വ്യതിചലിപ്പിക്കുവാൻ ഇടയാക്കും. മനുഷ്യന് ദൈവിക സംസർഗ്ഗം പുലർത്തുവാനുള്ള ആഗ്രഹം ഉണ്ട് എന്നുള്ള സത്യം യാതൊരുമതവും നിഷേധിക്കുന്നില്ല. അതുപോലെ എല്ലാ മനുഷ്യരും പ്രാർത്ഥിക്കുന്നത് ദൈവത്തോടു തന്നെയാണ്. അവനിൽനിന്നും അനുഗ്രഹങ്ങളും നടത്തിപ്പും ലഭിക്കുവാനായി മനുഷ്യർ ആഗ്രഹിക്കുകയും ചെയ്യുന്നു. വാസ്തവമായി ദൈവത്തിൽ വിശ്വസിക്കുന്നവരെ അവൻ സഹായിക്കുകയും സമാധാനമാർഗ്ഗത്തിൽ വഴി നടത്തുകയും ചെയ്യുന്നു. പ്രതിരൂ



പങ്ങളുടെ പിറകിലുള്ള ലക്ഷ്യം ദൈവവുമായി മനുഷ്യാത്മാവ് ബന്ധപ്പെടുവാൻ വേണ്ടിയാണെന്ന് നാം മനസ്സിലാക്കുന്നു. പണ്ഡിതനും ദൈവഭക്തനുമായിരുന്ന അഗസ്തീനോസ് ഒരിക്കൽ ഇപ്രകാരം പ്രാർത്ഥിച്ചു; "കർത്താവേ, നീ ഞങ്ങളെ സൃഷ്ടിച്ചിരിക്കുന്നത് നിനക്കുവേണ്ടിതന്നെയാണല്ലോ. ഞങ്ങളുടെ ആത്മാക്കൾ നിന്നിൽ ആശ്വാസം കണ്ടെത്തുന്നതുവരെ അവ അസ്വസ്ഥമാണ്."

ആകയാൽ ദൈവത്തിനും മനുഷ്യർക്കും ഇടയിലായി സൃഷ്ടിക്കപ്പെട്ട ഒരു മദ്ധ്യസ്ഥൻ ഉണ്ട് എന്ന് നമുക്ക് ചിന്തിക്കുവാൻ ഒരിക്കലും സാദ്ധ്യമല്ല - ആ വ്യക്തിക്ക് അമാനുഷിക ശക്തി നല്കിയിരുന്നാൽപ്പോലും. വാസ്തവത്തിൽ അതിനെതിരായ തെളിവുകളാണ് ധാരാളമുള്ളത്. ദൈവം ഉദ്ദേശിച്ച നിലയിൽ സൃഷ്ടി പൂർണ്ണതയിൽ എത്തുകയും മനുഷ്യൻ വീണ്ടെടുക്കപ്പെടുകയും ചെയ്യണമെങ്കിൽ അക്കാര്യം പൂർത്തീകരിക്കപ്പെടുന്നതിന് ദൈവത്തിൻെറ വേലകൊണ്ടു മാത്രമേ സാധിക്കുകയുള്ളു എന്നത് തീർച്ചയാണ്, അവന് ഇന്നുമെന്നും മഹത്വമുണ്ടാകുമാറാകട്ടെ.

ഇക്കാര്യം സാധിക്കുവാൻ വേണ്ടി ദൈവിക സത്തയിൽ മൂന്ന് അടിസ്ഥാനഘടകങ്ങൾ അഥവാ ആളത്വങ്ങൾ (അറബിയിൽ - അഖാനിം) ഉണ്ടായിരിക്കണമെന്ന് മുൻകൂട്ടി തീരുമാനിച്ചിരുന്നു. അങ്ങനെ ഈ മൂന്നാളത്വങ്ങളിൽ ഒരാൾ മനുഷ്യാവതാരമെടുക്കുവാനും തീരുമാനിച്ചു. അങ്ങനെയാണ് ദൈവത്തിന് പ്രസാദമായത്. ആകയാൽ പ്രത്യാശയില്ലാത്തവരായും സഹായമറ്റവരായും പാപത്തിൽ കിടന്ന മാനവജാതിയെ വീണ്ടെടുക്കുവാൻ വേണ്ടി ദൈവം തന്നെ ജഡമെടുക്കേണ്ടിവന്നു. കാരണം, രക്ഷണ്യവേലയ്ക്ക് പ്രാപ്തൻ അവൻ മാത്രമാണ്. ദൈവിക ദൃഷ്ടിയിൽ ജഡമെടുക്കുന്നതിനുള്ള വ്യവസ്ഥ ദൈവിക സത്തയുടെ ആളത്വങ്ങളിൽ ഒരാൾ മനുഷ്യശരീരത്തോടെ അവതരിക്കുക എന്നുള്ളതായിരുന്നു.

"വീണുപോയ മനുഷ്യവർഗ്ഗത്തെ രക്ഷിക്കുവാൻ ദൈവത്തിന് ജഡമെടുക്കാതെ കഴിയുമായിരുന്നില്ലേ?" എന്ന ചോദ്യത്തിന് ഞാൻ ഇവിടെ മറുപടി പറയുവാൻ ഉദ്യമിക്കുന്നില്ല. എന്നാൽ ദൈവവചനത്തിൻെറ വെളിച്ചത്തിൽ എനിക്ക് ഉറപ്പിച്ചു പറയുവാൻ കഴിയുന്ന കാര്യമാണ്, മനുഷ്യാവതാരം മാത്രമായിരുന്നു ശരിയായ പോംവഴി എന്നുള്ളത്. ദൈവത്തിൻെറ നിസ്തുല്യമായ ജ്ഞാനത്തിൽ അവൻെറ ഉദ്ദേശ്യം നിറവേറുവാൻ അത് അത്യാവശ്യമായിരുന്നു. വാസ്തവത്തിൽ വീണ്ടെടുപ്പിൻ വേല പരിപൂർണ്ണമായി നിവർത്തിക്കപ്പെടുവാൻ വേണ്ടിയാണ് ദൈവം മനുഷ്യാവതാരമെടുത്തത്. അങ്ങനെ വീണുപോയ മാനവജാതിയുടെ നില ഭദ്രമായിത്തീർന്നു.

6. ഒരു കാര്യം ഞാൻ ഊന്നിപ്പറയുവാൻ ആഗ്രഹിക്കുന്നു. അതായത് ദൈവം മനുഷ്യനെ ഉന്നതപദവിയിലേക്ക് ഉയർത്തുവാനാഗ്രഹിച്ചതിനാൽ, അവൻ തന്നെ ഒരു പരിപൂർണ്ണമനുഷ്യനായി അവതരിക്കുകയും നമ്മോടുകൂടെ പാർക്കുവാൻ പ്രസാദിക്കുകയും ചെയ്തു. ആകയാൽ, "ഉണ്ടാകട്ടെ എന്നു ദൈവം കല്പിച്ചു: അങ്ങനെ സംഭവിച്ചു" എന്ന് സൃഷ്ടിപ്പിനോടുള്ള ബന്ധത്തിൽ പറയുന്ന പ്രകാരം മനുഷ്യൻെറ വീണ്ടെടുപ്പും, "അങ്ങനെ ഭവിക്കട്ടെ" എന്നു പറഞ്ഞു വിടുവാൻ ദൈവം ആഗ്രഹിച്ചില്ല.

7. തിരുവെഴുത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രകാരമുള്ള വീണ്ടെടുപ്പിൻെറ ഉപദേശത്തെക്കുറിച്ച് നാം പഠിക്കുമ്പോൾ, ദൈവത്തിനും മനുഷ്യർക്കും ഇടയിലുള്ള മദ്ധ്യസ്ഥന് താഴെ പറയുന്ന സ്വഭാവവിശേഷതകൾ ഉണ്ടായിരിക്കേണ്ടതാണെന്ന് കാണാവുന്നതാണ്.

a. അവൻ മനുഷ്യനായിരിക്കണം. ദൈവസത്തയുടെ രണ്ടാമത്തെ ആളത്വം നമ്മെ വീണ്ടെടുക്കുവാൻവേണ്ടി മനുഷ്യാവതാരമെടുത്തതിൻെറ ആവശ്യകത അപ്പോസ്തലൻ വിശദീകരിക്കുന്നുണ്ട്. മനുഷ്യൻ ലംഘിച്ച ന്യായപ്രമാണം പരിപൂർണ്ണ



മായി നിവർത്തിക്കപ്പെടേണ്ടതിനായി അവൻ ന്യായപ്രമാണത്തിൻ കീഴിൽ ജനിക്കേണ്ടതാവശ്യമായിരുന്നു. അങ്ങനെ നമ്മുടെ എല്ലാ ബലഹീനതകളും അനുഭവിക്കുവാൻ വേണ്ടിയും നമ്മുടെ പാപങ്ങൾക്ക് പ്രതിപകരമായി മരിക്കുവാൻ വേണ്ടിയും അവൻ മനുഷ്യനായി അവതരിച്ചു (എബ്രാ. 2:14-18).

b. അവൻ പാപമില്ലാത്തവനായിരിക്കണം. ന്യായപ്രമാണപ്രകാരം കഴിക്കേണ്ടിയിരുന്ന യാഗങ്ങൾക്ക് യാതൊരു ഊനവും ഉണ്ടായിരിക്കുവാൻ പാടുള്ളതല്ല, മറ്റുവാക്കുകളിൽ പറഞ്ഞാൽ പാപിയെ വീണ്ടെടുക്കുന്ന രക്ഷിതാവിന് പാപം ഉണ്ടായിരിക്കുവാൻ പാടില്ല. അല്ലെങ്കിൽ, അവന് ദൈവസന്നിധിയിൽ പ്രവേശനമുണ്ടായിരിക്കയില്ല. മാത്രമല്ല, അവൻ വിശുദ്ധനും നീതിമാനുമല്ലെങ്കിൽ മനുഷ്യവർഗ്ഗത്തിന് വിശുദ്ധിയും നിത്യജീവനും നല്കുവാൻ അവന് എങ്ങനെ കഴിയും? ആകയാൽ നമ്മുടെ മഹാപുരോഹിതൻ പവിത്രനും നിർദ്ദോഷനും നിർമ്മലനും പാപികളോട് വേർപ്പെട്ടവനും ആയിരിക്കേണ്ടത് ആവശ്യമായിരുന്നു (എബ്രാ. 7:26).

c. അവൻ ദൈവമായിരിക്കണം, കാരണം സൃഷ്ടിയേക്കാൾ ഉന്നതനായ ഒരു വ്യക്തിയുടെ രക്തത്തിന് മാത്രമേ പാപത്തെ ശുദ്ധീകരിക്കുവാൻ കഴികയുള്ളു. ആകയാൽ, ക്രിസ്തു ദൈവമായതിനാൽ എല്ലാവർക്കും വേണ്ടി ഒരിക്കലായി സമ്പൂർണ്ണയാഗം അർപ്പിക്കുവാൻ സാധിച്ചു. "അങ്ങനെ ഏകയാഗത്താൽ അവൻ വിശുദ്ധീകരിക്കപ്പെടുന്നവർക്കു സദാകാലത്തേക്കും സൽഗുണപൂർത്തി വരുത്തിയിരിക്കുന്നു" (എബ്രാ. 7:27; 10:14). അതുപോലെ സാത്താൻെറ അടിമത്വത്തിൽനിന്നു വിടുവിച്ച് മനുഷ്യനെ രക്ഷിക്കുവാൻ കഴിയുന്ന ഏക വ്യക്തി ദൈവം മാത്രമാണ്. വീണ്ടെടുപ്പിൻെറ വലിയ വേല നിവൃത്തിയാക്കുവാൻ സർവ്വശക്തനും സർവ്വജ്ഞാനിയും സർവ്വ വല്ലഭനുമായ ഒരുവനു മാത്രമേ കഴിയുകയുള്ളു. അവനു മാത്രമേ സഭയുടെ മഹാപുരോഹിതനും എല്ലാവരുടെയും ന്യായാധി

പനും ആയിരിപ്പാൻ സാധിക്കുകയുള്ളു. ദൈവത്തിൻെറ സർവ്വ സമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നവനു മാത്രമേ വീണ്ടെടുക്കപ്പെട്ടവരുടെ ആത്മീയ ജീവിതത്തിന് അനുഗ്രഹകരമായിരിപ്പാനും കഴികയുള്ളു.

8. ദൈവത്തിനും മനുഷ്യർക്കും ഇടയിലുള്ള മദ്ധ്യസ്ഥന് ഉണ്ടായിരിക്കേണ്ടതും തിരുവചനം അനുശാസിക്കുന്നതുമായ മേൽപറയപ്പെട്ട ഗുണവിശേഷങ്ങൾ ഉള്ള ഏകവ്യക്തി കർത്താവായ യേശുക്രിസ്തു മാത്രമാണ്. അവൻ നിവർത്തിയാക്കിയ വേലയോടുള്ള ബന്ധത്തിൽ ക്രിസ്തുവിൽ ഈ എല്ലാ ഗുണഗണങ്ങളും നമുക്കു കാണാവുന്നതാണ്.

ക്രിസ്തുവിൻെറ ഈ സ്വഭാവവിശേഷതകളിൽ നിന്നും വെളിപ്പെടുന്ന കാര്യം ഇതാണ്. മനുഷ്യവർഗ്ഗത്തിൻെറ രക്ഷയ്ക്കുവേണ്ടി അവൻ ചെയ്ത സകല പ്രവൃത്തികളും അവൻെറ മദ്ധ്യസ്ഥവേലയും, ഒരു സ്വർഗ്ഗീയ വ്യക്തിയുടെ പ്രവർത്തനം തന്നെയാണ്. ക്രിസ്തുവിൻെറ സകല കഷ്ടതകളും ഒരു സ്വർഗ്ഗീയ വ്യക്തിയുടെ കഷ്ടതകളാണ്. മഹത്വത്തിൻെറ കർത്താവാണ് ക്രൂശിക്കപ്പെട്ട വ്യക്തി. മനുഷ്യവർഗ്ഗത്തിൻെറ പാപത്തിനുവേണ്ടി സ്വയം മരണത്തിന് ഏല്പിച്ചുകൊടുത്ത വ്യക്തിത്രിത്വത്തിൽ രണ്ടാമനായ ദൈവപുത്രനാണ്.

## ചാരിത്രികമായ തെളിവ്

9. ചരിത്രത്തിലേക്ക് നാമൊന്നു കണ്ണോടിച്ചാൽ ഒരു പരിപൂർണ്ണ മനുഷ്യൻെറ ദ്വിവിധമായ ഗുണവിശേഷങ്ങൾ ഉൾക്കൊള്ളുന്ന ഒരു വ്യക്തി ജീവിച്ചിരുന്നതായി നമുക്കു മനസ്സിലാക്കാം. ഈ രണ്ടു ഘടകങ്ങൾ, ദൈവത്തോടുള്ള അഭേദ്യമായ ബന്ധവും മനുഷ്യനോടുള്ള നിസ്തുല്യമായ സ്നേഹവുമാകുന്നു. അവൻ ലോകത്തിന് സദ്വർത്തമാനം പ്രഘോഷിച്ചുകൊണ്ട് സഞ്ചരിക്കുകയും രോഗബാധിതരെയും ഭൂതബാധിതരേയും സൗഖ്യമാക്കുകയും ചെയ്തു. ദൈവത്തെക്കുറിച്ചുള്ള ഒരു പുതിയ വെളിപ്പാട്, അവൻ ലോകത്തിന് പ്രദാനം



ചെയ്തു. അതായത്, ഒരു പിതാവ് തൻെറ മകനെ കരുതുന്നതുപോലെ ദൈവം ഓരോ മനുഷ്യനേയും വ്യക്തിപരമായി കരുതുകയും, ഒരു മുടിയൻ പുത്രൻ തൻെറ പിതാവിൻെറ ഭവനത്തലേക്ക് മടങ്ങിവരുമ്പോൾ ആ പിതാവ് അവനെ സ്വീകരിക്കുന്നതുപോലെ, അനുതാപത്തോടെ ദൈവത്തെ സമീപിക്കുന്ന ഏതൊരു പാപിയേയും അവൻ സ്വീകരിക്കുകയും ചെയ്യുന്നു എന്ന സത്യം യേശുക്രിസ്തു ലോകത്തെ അറിയിച്ചു.

10,11. സ്നേഹമസൃണമായ അവൻെറ ഉപദേശങ്ങൾക്കും കരുണാമസൃണമായ അവൻെറ പ്രവർത്തനങ്ങൾക്കും പുറമേ, ഒരു ചെറിയ കൂട്ടം ശിഷ്യന്മാരെ തന്നോടുകൂടിയായിരിക്കുന്നതിനും തൻെറ വചനങ്ങൾ പഠിക്കുന്നതിനുമായി തിരഞ്ഞെടുക്കുകയും ചെയ്തു. ദിവസംതോറും ഈ ശിഷ്യന്മാർ അവനെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ വളർന്നു വരികയും അവരുടെ ഹൃദയദൃഷ്ടി പ്രകാശിപ്പിക്കപ്പെട്ടതിനാൽ അവൻ പറഞ്ഞ ഉപമകളുടെ അർത്ഥം എന്തെന്ന് മനസ്സിലാക്കുന്നതിന് അവർക്കു സാധിക്കുകയും ചെയ്തു. അവൻെറ ആത്മീയമായ അത്യന്തധനത്തെക്കുറിച്ച് അവർ മനസ്സിലാക്കുകയും അവൻെറ വിശ്വാസത്തെക്കുറിച്ച് അവൻ പഠിക്കുകയും ദൈവവുമായുള്ള അവൻെറ കൂട്ടായ്മയിൽ അവർ പങ്കുചേരുകയും ചെയ്തു. പക്ഷേ ഈ ദുഷ്ടലോകം അവൻെറ പ്രവർത്തനത്തിൽ ഭയചകിതരായിത്തീർന്നു. സത്യത്തിനുനേരെ കണ്ണടയ്ക്കുകയും തങ്ങളുടെ സ്വന്തം കപടനീതിയിലാശ്രയിക്കുകയും ചെയ്ത മതനേതാക്കന്മാർ, അവനെതിരായി മത്സരിക്കുകയും അവനെ ന്യായാധിപ സംഘത്തിലേക്ക് വലിച്ചിഴച്ച് കൊണ്ടുപോകയും, അവൻ ന്യായപ്രമാണം ലംഘിച്ചു എന്നും, ദൈവദൂഷണം പറഞ്ഞു എന്നും മറ്റുമുള്ള കുറ്റം അവൻെറമേൽ ആരോപിക്കുകയും ചെയ്തു. ഒടുവിലായി അവനെ മരണശിക്ഷയ്ക്ക് വിധിക്കുവാൻ അധികാരികളെ പ്രേരിപ്പിക്കുന്നതിൽ അവർ വിജയം കൈവരിച്ചു. എന്നാൽ അവൻെറ പ്രതികരണം എന്തായിരുന്നു? യാതൊരു നിലയിലും എതിർക്കുവാൻ അവൻ തുനിഞ്ഞില്ല.

അവൻ ഒരു വാക്ക് കല്പിച്ചിരുന്നെങ്കിൽ, അവൻെറ ശത്രുക്കളെ മുഴുവൻ തകർക്കുവാൻ പര്യാപ്തമായ നിലയിൽ വളരെയധികം ദൂതഗണങ്ങളെ അവൻെറ ചുറ്റും അണിനിരത്തുവാൻ അവനു കഴിയുമായിരുന്നു. എന്നാൽ യാതൊരു നിലയിലും രക്ഷപ്പെടുവാൻ അവൻ ശ്രമിച്ചില്ല. ദൈവസ്നേഹമെന്തെന്ന് ലോകത്തിന് വെളിപ്പെടുത്തുവാൻവേണ്ടി അവൻ തന്നെത്തന്നെ ഏല്പിച്ചുകൊടുത്തു. ദൈവം പാപത്തിനു നല്കുന്ന ശിക്ഷ എത്ര ഭീകരവും ഭയാനകവുമാണെന്ന് മനുഷ്യന് മനസ്സിലാക്കുവാൻവേണ്ടിയാണ്, ക്രിസ്തു പാപമില്ലാത്ത തൻെറ പൂമേനിയിൽ പാപത്തിനുള്ള ശിക്ഷ അനുഭവിക്കുവാൻ തയ്യാറായത്. തിന്മയെ ജയിക്കുവാൻവേണ്ടി തൻെറമേൽ നടന്ന പ്രഹരങ്ങളെയും ആക്രമണങ്ങളെയും അവൻ മരണത്തോളം സഹിച്ചു. അങ്ങനെ മനുഷ്യവർഗ്ഗം അനുഭവിക്കേണ്ട സകല പോരാട്ടങ്ങളും അവൻ സഹിക്കുകയും അവസാനമായി വിജയം കൈവരിക്കുകയും ചെയ്തു. അങ്ങനെ അവൻ ജയാളിയായിത്തീർന്നു.

12. മൂന്നാംദിവസം അവൻ ഉയിർത്തെഴുന്നേറ്റു. അവൻ ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ തന്നെ ഇപ്രകാരം പറഞ്ഞിരുന്നു; “എൻെറ ജീവനെ വീണ്ടും പ്രാപിക്കേണ്ടതിന് ഞാൻ അതിനെ കൊടുക്കുന്നതുകൊണ്ട് പിതാവ് എന്നെ സ്നേഹിക്കുന്നു.. ആരും അതിനെ എന്നോട് എടുത്തുകളയുന്നില്ല. ഞാൻ തന്നെ അതിനെ കൊടുക്കുന്നു. അതിനെ കൊടുപ്പാൻ എനിക്ക് അധികാരമുണ്ട്. വീണ്ടും പ്രാപിപ്പാനും അധികാരമുണ്ട്. ഈ കല്പന എൻെറ പിതാവിങ്കൽ നിന്ന് എനിക്ക് ലഭിച്ചിരിക്കുന്നു” (യോഹ. 10:17,18). അതുതന്നെയാണ് വാസ്തവത്തിൽ അവൻ ചെയ്തത്. അവൻെറ രക്ഷണ്യവേല നിവൃത്തിയായി, സ്വർഗ്ഗീയ വെളിപ്പാട് പൂർത്തീകരിക്കപ്പെട്ടു. ദൈവസ്നേഹം അവസാനത്തോളം കവിഞ്ഞൊഴുകി: തിന്മയുടെ ശക്തിയെ അവൻ പരാജയപ്പെടുത്തി; നന്മയാൽ തിന്മയെ ജയിച്ചു.



13. അതിൻെറ പരിണിതഫലം എന്തായിരുന്നു? അവൻെറ ശിഷ്യന്മാരിൽ അതിൻെറ ഫലം കാണുവാൻ ഇടയായി, അവനുമായി അടുത്തിടപ്പെട്ടതിൻെറ ഫലമായി ആ ശിഷ്യന്മാർക്ക് ക്രിസ്തുവിനെക്കുറിച്ച് വളരെ വ്യക്തമായ ഒരു ധാരണ ലഭിച്ചിരുന്നു. ക്രിസ്തു ഉയിർത്തെഴുന്നേറ്റതിനു ശേഷം അവരുടെ വിശ്വാസം ശതഗുണീഭവിക്കുവാൻ ഇടയായി. അവരെ സംബന്ധിച്ചിടത്തോളം അവൻ കേവലം ഒരു മനുഷ്യനായിരുന്നില്ല. ദൈവത്തിൻെറ സകല ഗുണഗണങ്ങളും അവനിൽ അവർ ദർശിക്കുകയുണ്ടായി. അവൻ വാസ്തവത്തിൽ ദൈവമല്ലായിരുന്നുവെങ്കിൽ അവൻെറ അവകാശവാദങ്ങൾ പലതും ദൈവദൂഷണമാകുമായിരുന്നു. അവൻെറ അവകാശവാദങ്ങൾ മുഴുവൻ സത്യമാണെന്ന് അവൻ തൻെറ ജീവിതത്തിൽ തെളിയിച്ചു കാണിച്ചു. മനുഷ്യരുടെ ആരാധന സ്വീകരിക്കുവാൻ താൻ യോഗ്യനാണെന്നും അഖിലാണ്ഡത്തെ നിയന്ത്രിക്കുവാൻ താൻ ശക്തനാണെന്നും അങ്ങനെ താൻ വാസ്തവമായി ദൈവം തന്നെയാണെന്നും അവൻ തെളിയിച്ചു.

14. ഈ അനുഭവം ക്രിസ്തുവിനോടുകൂടെ ജീവിച്ചിരുന്ന അവൻെറ ശിഷ്യന്മാർക്ക് മാത്രമല്ല ഉണ്ടായത്. ഈ അത്ഭുതമാർന്ന സുവിശേഷം പരിശുദ്ധാത്മ ശക്തിയാൽ ലോകമെങ്ങും പ്രഘോഷിച്ചപ്പോൾ അവനെ രക്ഷിതാവായി അംഗീകരിച്ച എല്ലാവരും ക്രിസ്തു ദൈവപുത്രനാണെന്നു മനസ്സിലാക്കുകയുണ്ടായി.

നസ്രായനായ യേശു ജഡത്തിൽ വെളിപ്പെട്ട ദൈവമാണെന്നുള്ള ക്രിസ്ത്യാനികളുടെ വിശ്വാസം അവൻെറ ശിഷ്യന്മാർ മരിച്ചതോടുകൂടി ലോകത്തിൽനിന്നും തിരോധാനം ചെയ്തില്ല. എന്തുകൊണ്ട്? കാരണം ഈ വിശ്വാസം മതപരമായ ഏതെങ്കിലും തത്വങ്ങളെ അടിസ്ഥാനമാക്കിയുള്ളതല്ല, പ്രത്യുത, നൂറ്റാണ്ടുകളായി ക്രിസ്ത്യാനികളുടെ വ്യക്തിപരമായ അനുഭവത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. മാത്രമല്ല,

ക്രിസ്തു ഇന്നും ജീവിക്കുന്നുവെന്നും അവനെ അന്വേഷിക്കുന്നവർക്കെല്ലാം അവൻ വ്യക്തിപരമായി വെളിപ്പെടുന്നു എന്നുമുള്ള ഉറച്ച വിശ്വാസമാണ് ക്രിസ്ത്യാനികൾക്കുള്ളത്. ക്രിസ്തുവുമായുള്ള ഈ ബന്ധം ദൈവവുമായുള്ള അവരുടെ ബന്ധത്തിന് യാതൊരു തടസ്സവും സൃഷ്ടിക്കുന്നില്ല. പ്രത്യുത, ദൈവവുമായുള്ള ബന്ധത്തിന് കൂടുതൽ ഉത്തേജനം ലഭിക്കുകയാണ് ചെയ്യുന്നത്.

15. യേശുക്രിസ്തു എന്ന ഈ ദിവ്യപുരുഷൻ കേവലം നിർജീവമായതോ അപൂർണ്ണമായതോ ആയ ഒരു വ്യക്തിയല്ല. അവൻ ലോകം മുഴുവൻ നിറഞ്ഞവനാണ്. അവൻ ഇവിടെയും അവിടെയും എവിടേയുമുണ്ട്. അവൻ മനുഷ്യനെ തൊട്ടുകൊണ്ട് ഇപ്രകാരം പറയുന്നു; "എന്നെ അനുഗമിക്കുക." പക്ഷേ മനുഷ്യൻ ഭയചകിതനായിത്തീർന്നാൽ ഇപ്രകാരമായിരിക്കും മറുപടി പറയുന്നത്: "കർത്താവേ, നിന്നെ അനുഗമിക്കുന്നത് പ്രയാസമേറിയ ഒരു കാര്യമാണ്. ആ ഭാരമേറിയ നുകം ചുമക്കുവാൻ ഞാൻ പ്രാപ്തനല്ല. നിന്റെ കാലടികളെ പിന്തുടരുവാൻ എനിക്ക് കഴികയില്ല. ഞാൻ പാപിയായ മനുഷ്യനാകയാൽ എന്നെ വിട്ടുപോകണമേ." ഉടനെ യേശു അവനോട് ഇപ്രകാരം പറയുന്നു: "നിന്റെ ജീവിതം എനിക്കുതരിക. അത് എന്നെ ഭരമേല്പിക്കു; എന്നിൽ വിശ്വസിക്കുക; എന്റെ കൃപ നിനക്കു മതി." ചിലർ അവന്റെ വിളികേട്ട് അവനെ അനുഗമിക്കുന്നു. അവർ അനുഗ്രഹിക്കപ്പെടുന്നു. അവന്റെ വിളി ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളോരേ എല്ലാവരും എന്റെ അടുക്കൽ വരുവിൻ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും"......."എങ്കലേക്ക് നോക്കി രക്ഷപ്പെടുവിൻ." അനേകരും അവന്റെ വിളി കേൾക്കയും അവന്റെ ദിവ്യ വ്യക്തിത്വത്താൽ ആകർഷിക്കപ്പെട്ടവരായി അവനെ സമീപിക്കയും ചെയ്യുന്നു. അന്ധകാരാവൃതമായ ആഫ്രിക്കൻ വനാന്തരങ്ങളിൽ അവൻ ഇന്നു സുപരിചിതനാണ്. അവിടെ അനേകം പേർ അവന്റെ മക്കളാ



യിത്തീരുകയും സാത്താന്യ ശക്തികളിൽനിന്നും ആഭിചാരകന്മാരുടെയും മന്ത്രവാദികളുടെയും പിടിയിൽനിന്നും വിടുവിക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നു. എല്ലാ രാജ്യങ്ങളിലും ഭാഷകളിലും ഗോത്രങ്ങളിലും നിന്നും യേശുക്രിസ്തു മൂലം രൂപാന്തരം പ്രാപിച്ച അനേകായിരങ്ങളെ കാണുവാൻ പ്രയാസമില്ല. അവരിന്ന് എത്രയും വ്യത്യസ്തമായ ഒരു ജീവിതമാണ് നയിക്കുന്നത്. നരഭോജികൾ നരസ്നേഹികളായിത്തീർന്നിരിക്കുന്നു. പാപങ്ങളിലും ജഡികോല്ലാസങ്ങളിലും അഹങ്കാരത്തിലും ജീവിച്ചിരുന്നവർ ഇന്ന് സുവിശേഷത്തിന് അനുയോജ്യമായ നിലയിലും രീതിയിലും വിശുദ്ധിയിലും സത്യത്തിലും ജീവിക്കുന്നു. അവരുടെ ഈ രൂപാന്തരത്തിനുള്ള കാരണമെന്തെന്ന് അവരോട് ചോദിച്ചാൽ ഉടൻ തന്നെ ഈ മറുപടിയായിരിക്കും നിങ്ങൾക്കു ലഭിക്കുക. "യേശുക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിലേക്ക് കടന്നുവന്നതിന്റെ ഫലമായിട്ടാണ് ഈ എല്ലാ അനുഗ്രഹങ്ങളും എന്റെ ജീവിതത്തിൽ ഉണ്ടായിട്ടുള്ളത്."

ആകയാൽ നസ്രായനായ യേശുക്രിസ്തുവിന്റെ ജീവിതം മൂലം ദൈവത്തിന്റെ വേല പരിപൂർണ്ണമായി നിവൃത്തിയാക്കപ്പെട്ടു എന്ന് ഞങ്ങൾക്ക് ധൈര്യമായി പറയുവാൻ കഴിയും. നമ്മുടെ ജീവിതത്തിൽ ദൈവഹിതം പൂർത്തിയാകുന്നത് അവനിൽ കൂടിയാണ്. അവനിൽ വിശ്വസിക്കുന്നവർ ആ ക്രിസ്തു മൂലം ദൈവത്തിന്റെ എല്ലാ നിറവിനോളം നിറഞ്ഞുവരികയും ചെയ്യുന്നു. അഥവാ അവനിൽ വിശ്വസിക്കുന്ന ഒരു വ്യക്തി ദൈവം അവനെക്കുറിച്ച് ഉദ്ദേശിച്ചിട്ടുള്ള ഉന്നതനിലയിലേക്ക് ഉയർത്തപ്പെടുന്നു. അതായത്, ദൈവിക സംസർഗ്ഗത്തിലേക്ക് അവൻ കൊണ്ടുവരപ്പെടുന്നു. അങ്ങനെ സൃഷ്ടി സ്രഷ്ടാവായ ദൈവത്തിങ്കലേക്ക് ആനയിക്കപ്പെടുകയാണ്.

16. ഇതാണ് ചരിത്രത്തിന്റെ പര്യവസാനം. എന്നാൽ യേശുക്രിസ്തുവിനെ സംബന്ധിച്ചിടത്തോളം "പരിപൂർണ്ണ മനു

ഷ്യൻ" എന്നു പറയുന്നതിനാൽ അർത്ഥമാക്കുന്നത്, ദൈവിക സത്തയുടെ പ്രതിഫലനമെന്നും മനുഷ്യനെ ദൈവവുമായി ബന്ധിപ്പിക്കുന്ന വ്യക്തിയെന്നുമാണ്. അഥവാ അവൻ പരിപൂർണ്ണ മനുഷ്യനും പരിപൂർണ്ണ ദൈവവുമാണ്. കാരണം, "ക്രിസ്തുവിലാണ് ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നത്" (കൊലോ. 2:9). ദൈവികസത്തയുടെ ഒരു പ്രതിഫലനം മാത്രമല്ല അവൻ. പ്രത്യുത, "ദൈവിക തേജസ്സിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും സകലത്തേയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവനും ആകുന്നു" (എബ്രാ. 1:3). ആദിയിൽ ദൈവത്തോടു കൂടിയുണ്ടായിരുന്ന വചനം അവനാണ്. ആ വചനം ദൈവമായിരുന്നു. സകലവും ഉളവായത് അവൻ മുഖാന്തരമാണ്. ഉളവായതൊന്നും അവനെ കൂടാതെ ഉളവായിട്ടില്ല (യോഹ. 1:1-3). ആകയാൽ അവൻ ശക്തിയും ധനവും ജ്ഞാനവും ബലവും ബഹുമാനവും മഹത്വവും സ്തോത്രവും ലഭിപ്പാൻ യോഗ്യനാണ്. അവന്റെ വിലയേറിയ നാമം ഇന്നുമെന്നേക്കും മഹത്വപ്പെടുമാറാകട്ടെ ആമേൻ.

"ദൈവം ജഡത്തിൽ വെളിപ്പെട്ടു.....
എന്നിങ്ങനെ ദൈവ ഭക്തിയുടെ മർമ്മം
സമ്മതമാംവണ്ണം വലിയതാകുന്നു"

(1 തിമോ. 3:16)

*******



## അദ്ധ്യായം 2

**ചോദ്യം:-**

"ലോകത്തെയോ ലോകത്തിലുള്ളതിനെയോ ദൈവത്തിനാവശ്യമില്ല എന്നത് ശരിയാണ്. ഓരോ ജീവജാലങ്ങൾക്കും ദൈവത്തോടുള്ള ബന്ധം, അവൻ അത്യുന്നതനെന്ന നിലയിൽ കേവലം പരിമിതമാണ്. സ്ഥലകാലങ്ങൾക്കതീതനായി അവൻ കേവലം നിഷ്ക്രിയനായിരിക്കുന്നു എന്നു പറഞ്ഞാൽ അത് ദൈവദൂഷണമായിരിക്കും. ദൈവം ജഡത്തിൽ വെളിപ്പെട്ടു എന്നുള്ള ക്രിസ്ത്യാനികളുടെ വിശ്വാസത്തിന്റെ അർത്ഥം, ദൈവത്തിന്റെ ഒരു ഭാഗം ക്രിസ്തുവിന്റെ ശരീരത്തിൽകൂടി സ്വർഗ്ഗത്തിൽനിന്നും ഭൂമിയിലേക്ക് കൊണ്ടുപോന്നു എന്നാണോ?

A.S. Beirut, Lebanon

17. പ്രിയ സ്നേഹിതാ, നിങ്ങൾ അല്പം നിന്നു ചിന്തിക്കുമെങ്കിൽ നിങ്ങൾ വിശ്വസിക്കുന്ന ഇസ്ലാമിൽ, സ്ഥലകാലപരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ദൈവം ജീവജാലങ്ങളുമായി ബന്ധപ്പെടുന്നതായി കാണാവുന്നതാണ്. ദൈവം ഒരു ദൂതനെ മനുഷ്യരുടെ ഇടയിലേക്ക് അയച്ചതായി നിങ്ങൾ വിശ്വസിക്കുന്നുണ്ടല്ലോ? അതിന്റെ അർത്ഥം, താൻ സൃഷ്ടിച്ച ജീവജാലങ്ങളുമായി ബന്ധപ്പെടുവാൻ ദൈവം ആഗ്രഹിക്കുന്നു എന്നാണ്. ഖുറാനിൽ നാം ഇപ്രകാരം വായിക്കുന്നു:

إِنَّا أَرْسَلْنَا
إِلَيْكُمْ رَسُولًا شَاهِدًا عَلَيْكُمْ كَمَا أَرْسَلْنَا إِلَىٰ فِرْعَوْنَ رَسُولًا ﴿١٥﴾
فَعَصَىٰ فِرْعَوْنُ الرَّسُولَ فَأَخَذْنَاهُ أَخْذًا وَبِيلًا ﴿١٦﴾

സൂറ. 73:15,16. "ഫറവോൻെറ അടുക്കലേക്ക് നാം ഒരു ദൂതനെ അയച്ചതുപോലെ നിങ്ങളുടെ നിലപാടിനു സാക്ഷിയായി നിങ്ങളുടെ അടുക്കലേക്കും ഒരു ദൂതനെ നാം അയച്ചു. എന്നാൽ ഫറവോൻ ആ ദൂതൻെറ കല്പന ലംഘിച്ചു. തന്നിമിത്തം നാം അവനെ സുശക്തമായി തന്നെ പിടിച്ചു."

മാത്രമല്ല, തൻെറ സ്രഷ്ടാവായ ദൈവവുമായി ബന്ധപ്പെടുവാൻ ഖുറാൻ പ്രബോധിപ്പിക്കുന്നു. അങ്ങനെ ബന്ധപ്പെടുന്നവരെ ദൈവം സ്നേഹിക്കുന്നുവെന്നും ഖുറാൻ പറയുന്നു. നോക്കുക:

فَبِمَا رَحْمَةٍ مِّنَ
اللَّهِ لِنتَ لَهُمْ ۖ وَلَوْ كُنتَ فَظًّا غَلِيظَ الْقَلْبِ لَانفَضُّوا مِنْ
حَوْلِكَ ۖ فَاعْفُ عَنْهُمْ وَاسْتَغْفِرْ لَهُمْ وَشَاوِرْهُمْ فِي الْأَمْرِ ۖ
فَإِذَا عَزَمْتَ فَتَوَكَّلْ عَلَى اللَّهِ ۚ إِنَّ اللَّهَ يُحِبُّ الْمُتَوَكِّلِينَ

സൂറ. 3:159. "അങ്ങനെ നിങ്ങൾ തീരുമാനിച്ചു കഴിഞ്ഞാൽ നിങ്ങളുടെ ഭാരം അല്ലാഹുവിനെ ഏല്പിക്കുക. അങ്ങനെ തങ്ങളുടെ ഭാരം അല്ലാഹുവിനെ ഏല്പിക്കുന്നവരെയാണ് അവൻ സ്നേഹിക്കുന്നത്."

ഈ അഭിപ്രായങ്ങളെല്ലാം കേവലം സാദൃശ്യരൂപേണ പറയുന്നതാണെന്ന് ഒരുപക്ഷേ നിങ്ങൾ വാദിച്ചേക്കാം. പക്ഷേ വസ്തുതകളുടെ വെളിച്ചത്തിൽ കാര്യങ്ങൾ വിശദമായി പരിഗണിക്കുമ്പോൾ അതെല്ലാം തകർന്നുപോകുന്നതാണ്. ഇതുപോലെയുള്ള മറ്റനേകം സംഭവങ്ങളും നമുക്ക് കാണാവുന്നതാണ്. ചില പ്രത്യേക ജോലി ചെയ്യുവാൻ വേണ്ടി ദൈവം ചില മനുഷ്യരെ നിയോഗിച്ചതായി നാം കാണുന്നുണ്ട്. ഖുറാനിൽ നിന്നുള്ള ഒരു ദൃഷ്ടാന്തം നമുക്ക് പരിശോധിക്കാം.



لَقَدْ
أَرْسَلْنَا نُوحًا إِلَىٰ قَوْمِهِ فَقَالَ يَا قَوْمِ اعْبُدُوا اللَّهَ مَا لَكُم مِّنْ إِلَٰهٍ
غَيْرُهُ إِنِّي أَخَافُ عَلَيْكُمْ عَذَابَ يَوْمٍ عَظِيمٍ ﴿٥٩﴾ قَالَ
الْمَلَأُ مِن قَوْمِهِ إِنَّا لَنَرَاكَ فِي ضَلَالٍ مُّبِينٍ ﴿٦٠﴾ قَالَ يَا قَوْمِ لَيْسَ
بِي ضَلَالَةٌ وَلَٰكِنِّي رَسُولٌ مِّن رَّبِّ الْعَالَمِينَ ﴿٦١﴾ أُبَلِّغُكُمْ
رِسَالَاتِ رَبِّي وَأَنصَحُ لَكُمْ وَأَعْلَمُ مِنَ اللَّهِ مَا لَا تَعْلَمُونَ ﴿٦٢﴾

സൂറ. 7:59-62. "നൂഹിനെ നാം അവൻെറ ജനതയുടെ അടുക്കലേക്ക് നിയോഗിച്ചയച്ചു. അവനവരോടു പറഞ്ഞു: എൻെറ ജനമേ, നിങ്ങൾ അല്ലാഹുവിനെ സേവിക്കുക. അവനല്ലാതെ മറ്റൊരു ദൈവവും നിങ്ങൾക്കില്ല. ഒരു ഭയങ്കര ദിവസത്തെ ശിക്ഷ നിങ്ങൾക്ക് വന്നെത്തുമെന്ന് ഞാൻ ഭയപ്പെടുന്നു. അവൻെറ സമുദായത്തിലെ നേതാക്കന്മാർ പറഞ്ഞു. നീ പ്രത്യക്ഷമായ മാർഗ്ഗഭ്രംശത്തിൽ അകപ്പെട്ടിരിക്കുന്നതായിട്ടാണ് ഞങ്ങൾ കാണുന്നത്. അപ്പോൾ നൂഹ് പറഞ്ഞു: എൻെറ ജനമേ, ഞാൻ പറയുന്നത് അസത്യമല്ല. ഞാൻ സർവ്വലോകരക്ഷിതാവിങ്കൽ നിന്നുള്ള ഒരു ദൂതനാണ്. നിങ്ങളെ ഞാൻ അറിയിക്കുന്നത് എൻെറ രക്ഷിതാവിൻെറ സന്ദേശങ്ങൾ മാത്രമാണ്. നല്ല ഉപദേശങ്ങളാണ് ഞാൻ നല്കുന്നത്. നിങ്ങൾക്കറിയാൻ കഴിയാത്ത കാര്യങ്ങൾ അല്ലാഹുവിങ്കൽ നിന്ന് എനിക്ക് ലഭിച്ചിട്ടുണ്ട്."

ഈ വാക്യങ്ങളൊന്നും കേവലം സാദൃശ്യരൂപേണ പറയുന്നവയല്ല. കാരണം അവ വ്യക്തമായ സംഭവങ്ങളെ ചിത്രീകരിക്കുന്നവയാണ്.

18. മുസ്ലീംങ്ങൾ അനുഷ്ഠിക്കേണ്ട മതപരമായ പ്രാർത്ഥനകളെ സംബന്ധിച്ച് പ്രവാചകൻ പറഞ്ഞതായി വിശ്വസിച്ചു വരുന്ന പാരമ്പര്യത്തെക്കുറിച്ച് നിങ്ങൾക്ക് എന്താണ് പറയുവാനുള്ളത്? ഇബിൻ മസൂദിനെ ഉദ്ധരിച്ചുകൊണ്ട് ഇബിൻ

ഇഷാക്ക് ഇക്കാര്യത്തെപ്പറ്റി ഈവിധം രേഖപ്പെടുത്തുന്നു: "സ്വർഗ്ഗാരോഹണ രാത്രിയിലെ ചരിത്രത്തിൽ" ദൈവത്തിൻെറ ദൂതൻ (മുഹമ്മദ്) ഇപ്രകാരം പറഞ്ഞതായി കാണുന്നു: "ഗ ബ്രിയേൽ ഒടുവിലായി എന്നെ എൻെറ രക്ഷിതാവിൻെറ അടുക്കലേക്ക് ആനയിച്ചു. ദിവസവും അമ്പത് പ്രാവശ്യം മതപരമായ പ്രാർത്ഥന ചൊല്ലണമെന്ന് (നിസ്കാരം) രക്ഷിതാവ് എന്നോട് നിർദ്ദേശിച്ചു. ഞാൻ മടങ്ങിപ്പോരുമ്പോൾ ഇമ്രാമിൻെറ മകനായ മൂസയെ കാണുവാനിടയായി. ഹാ! അവനെന്തൊരു നല്ല സ്നേഹിതനായിരുന്നു. അവനെന്നോടു ചോദിച്ചു: "എത്ര പ്രാർത്ഥനകളാണ് രക്ഷിതാവ് നിൻെറമേൽ ചുമത്തിയിരിക്കുന്നത്?" ഞാൻ പറഞ്ഞു: "ദിവസവും അമ്പത് വീതം." അപ്പോൾ മൂസ പറഞ്ഞു: "ഒരു ദിവസം ഇത്രയും പ്രാവശ്യം പ്രാർത്ഥനകൾ ചൊല്ലുകയെന്നു പറയുന്നത് വളരെ ഭാരമേറിയ കാര്യമാണ്. നിൻെറ ജനം ബലഹീനരാണ്. നീ രക്ഷിതാവിൻെറ അടുക്കൽ മടങ്ങി ചെന്ന് നിൻെറയും നിൻെറ ജനത്തിൻെറയും മേൽ ചുമത്തിയിരിക്കുന്ന ഈ വലിയ ഭാരം കുറച്ചുതരുവാനായി അപേക്ഷിക്കുക." അങ്ങനെ ഞാൻ രക്ഷിതാവിനെ സമീപിച്ച് എൻെറയും എൻെറ ജനതയുടെയും മേൽ ചുമത്തിയിരിക്കുന്ന ഭാരം ലഘൂകരിക്കണമെന്നപേക്ഷിച്ചു. അങ്ങനെ ആ ഭാരം പത്തായി അവൻ കുറച്ചുതന്നു. ഞാൻ വീണ്ടും മൂസയെ സമീപിച്ച് ഇക്കാര്യം അറിയിച്ചപ്പോൾ വീണ്ടും ഭാരം കുറച്ചുതരുവാൻ അപേക്ഷിക്ക എന്നു പറഞ്ഞു. അങ്ങനെ ഞാൻ വീണ്ടും രക്ഷിതാവിനെ സമീപിച്ച് അല്പംകൂടി ഭാരം കുറയ്ക്കണമെന്നപേക്ഷിച്ചു. അപ്പോൾ രക്ഷിതാവ് എന്നെ പത്തിൽനിന്നും ഒഴിവാക്കി. പിന്നെയും ഞാൻ മൂസയെ സമീപിച്ചു. അവൻ പറഞ്ഞു: "നീ വീണ്ടും വീണ്ടും രക്ഷിതാവിനെ സമീപിക്കുക." അങ്ങനെ രാവും പകലുമായി ഒരു ദിവസം അഞ്ചു പ്രാർത്ഥനകൾ ചൊല്ലിയാൽ മതിയെന്ന് എൻെറ രക്ഷിതാവ് സമ്മതിക്കുന്നതുവരെ ഞാൻ അപേക്ഷിച്ചു. പിന്നീട് ഞാൻ മൂസയോടു പറഞ്ഞു: "ഇനിയും എൻെറ രക്ഷിതാവിനോട് അപേക്ഷിക്കുവാൻ എനിക്കു ലജ്ജയായതിനാൽ അവനെ സമീ



പിക്കയില്ല." ആകയാൽ ഈ അഞ്ചു നേരത്തെപ്രാർത്ഥന ആരെല്ലാം വിശ്വാസത്തോടെയും ആത്മാർത്ഥമായും ചൊല്ലുമോ, അവർക്കെല്ലാം അമ്പത് പ്രാർത്ഥന ചൊല്ലിയതിനുള്ള പ്രതിഫലം ലഭിക്കുന്നതാണ്" (The Prophet's Chronicles by Ibnhishan 3:276).

19. ദൈവത്തിനു താൻ സൃഷ്ടിച്ച ജീവജാലങ്ങളുമായി ബന്ധമുണ്ടോ ഇല്ലയോ എന്ന് പാരമ്പര്യമായി വിശ്വസിച്ചുവരുന്ന പ്രവാചകൻെറ പ്രസ്താവനയിൽനിന്നു തന്നെ നിങ്ങൾക്ക് മനസ്സിലാക്കാവുന്നതേയുള്ളു. മാത്രമല്ല, വളരെ സ്നേഹമായി ഞാൻ നിങ്ങളെ ഓർപ്പിക്കുന്നത് ഇതാണ്: ദൈവത്വത്തെക്കുറിച്ചുള്ള നമ്മുടെ ധാരണയിൽനിന്നും, മനുഷ്യത്വപരമായ ഘടകങ്ങളെ പരിപൂർണ്ണമായി ഒഴിവാക്കിയാൽ (അറബിയിൽ തൻസീഹ്) നിങ്ങൾ വിശ്വസിക്കുന്ന ദൈവത്തെക്കുറിച്ച് നിങ്ങൾക്ക് ഒന്നും അറിഞ്ഞുകൂട എന്നാണ് അതിൻെറ അർത്ഥം. അതുപോലെ ആ ദൈവത്തിൽനിന്നും നിങ്ങൾ സമ്പൂർണ്ണമായും വേർപെട്ടു പോയി. കാര്യം ഇങ്ങനെയായതിനാൽ നിങ്ങൾ പ്രവാചക വാക്യങ്ങളും ഖുറാനും പൂർണ്ണമായും നിഷേധിക്കയാണ്. ദൈവവും മനുഷ്യനുമായി ബന്ധം സ്ഥാപിക്കുവാനല്ലാതെ ഒരു പ്രവാചകനെ ദൈവനിയോഗം നൽകി പറഞ്ഞയക്കേണ്ട കാര്യമില്ലല്ലോ.

20. പ്രവാചകൻ ഇപ്രകാരം പറഞ്ഞതായി പാരമ്പര്യമായി വിശ്വസിക്കപ്പെട്ടു പോരുന്നു: "അല്ലാഹു (അവൻെറ നാമം വാഴ്ത്തപ്പെടുമാറാകട്ടെ) ദിവസവും രാത്രി താഴെയുള്ള സ്വർഗ്ഗത്തിലേക്ക് ഇറങ്ങി വരുന്നു. രാത്രിയുടെ മൂന്നാംയാമം വരെയും അല്ലാഹു അവിടെ ഇരുന്നുകൊണ്ട് ഇപ്രകാരം പറയുന്നു: "ഞാൻ മറുപടി നൽകേണ്ടതിനായി ആരെങ്കിലും പ്രാർത്ഥിക്കുന്നുണ്ടോ? ഞാൻ അനുഗ്രഹങ്ങൾ നല്കേണ്ടതിനായി ആരെങ്കിലും കെഞ്ചി യാചിക്കുന്നുണ്ടോ? ഞാൻ ക്ഷമിച്ചു കൊടുക്കേണ്ടതിനായി ആരെങ്കിലും എൻെറ മുമ്പാകെ അനുതപിക്കുന്നുണ്ടോ?" (Bukhari 4:68).

ദൈവത്വത്തിൽനിന്നും മനുഷ്യത്വം പരിപൂർണ്ണമായി വേർപ്പെടുത്തിയാൽ (അറബിയിൽ തൻസീഹ്) സൃഷ്ടിജാലങ്ങളിൽ നിന്നും ദൈവം ഒറ്റപ്പെട്ടുപോകുമെന്നാണ് എൻെറ വിശ്വാസം. ഇതുമൂലം ആത്മീയ കാര്യങ്ങൾ മുഴുവനും താറുമാറായി പോകുവാൻ ഇടയുണ്ട്. ദൈവം മനുഷ്യനിൽനിന്നും വേർപ്പെട്ടുപോയതിനാൽ മനുഷ്യർക്ക് മാനസാന്തരപ്പെടുവാനോ വീണ്ടുംജനനത്തിൻെറ അനുഭവം ഉണ്ടാകുവാനോ കഴികയില്ല. മനുഷ്യന് ദൈവവുമായുള്ള ബന്ധം അറ്റുപോയാൽ പിന്നെ മനുഷ്യനെ അവൻെറ പാപാവസ്ഥയിൽനിന്നും കരകയറ്റുവാനോ, നീതിയുടെ മാർഗ്ഗത്തിൽ അവനെ വഴിനടത്തുവാനോ ആർക്കും കഴികയില്ല. ക്രിസ്തു തൻെറ "പർവ്വതപ്രസംഗ"ത്തിൽ ഇപ്രകാരം പറഞ്ഞതായി കാണുന്നു: "വിചാരപ്പെടുന്നതിനാൽ തൻെറ നീളത്തോട് ഒരു മുഴം കൂട്ടുവാൻ നിങ്ങളിൽ ആർക്കു കഴിയും?" (മത്താ. 6:27).

ദൈവത്വത്തിൽനിന്നും മനുഷ്യത്വം മാറ്റിനിർത്തിയാൽ ദൈവത്തിൻെറ മനുഷ്യാവതാരം അംഗീകരിക്കുവാൻ സാദ്ധ്യമല്ലാതെ വരും. അങ്ങനെ വിശ്വസിക്കുന്നവർക്ക് വീണ്ടെടുപ്പിൻെറ പ്രയോജനം ലഭിക്കാതെ പോകയും ചെയ്യും. ദൈവത്തിൻെറ മനുഷ്യാവതാരത്തെ എതിർക്കുന്നവർ പറയുന്ന ചില ന്യായങ്ങൾ താഴെ ചേർക്കുന്നു.

21. അവർ വാദിക്കുന്നത് ദൈവം മനുഷ്യനായി അവതരിച്ചാൽ ആ പ്രത്യേക കാലയളവിലേക്ക് ദൈവത്തിൻെറ സാരാംശത്തിന് മാറ്റം സംഭവിക്കുമെന്നാണ്. ഇതിൽനിന്നും നാം മനസ്സിലാക്കുന്നത് മനുഷ്യൻെറ പരിമിതമായ മനസ്സുകൊണ്ട് അപരിമേയനായ ദൈവത്തെ അളക്കുവാൻ ശ്രമിക്കുകയാണെന്നാണ്. വാസ്തവത്തിൽ ദൈവം സർവ്വശക്തനല്ല എന്ന് അവർ ആരോപിക്കുകയാണ് ചെയ്യുന്നത്. അതായത്, ദൈവസാരാംശത്തിന് വ്യത്യാസം വരാതെ ദൈവത്തിനു മനുഷ്യാവതാരമെടുക്കുവാൻ കഴിയുകയില്ല എന്നവർ വാദിക്കുന്നു. പക്ഷേ, ദൈവം മനുഷ്യാവതാരം എടുത്തതിനാൽ ദൈവത്തിന്



യാതൊരു ഊനവും സംഭവിച്ചില്ല എന്നതാണ് വാസ്തവം. അതിൻെറ തെളിവ് നമുക്ക് ക്രിസ്തുവിൽ കാണാവുന്നതാണ്. ദൈവസാരാംശത്തിലെ രണ്ടാമത്തെ ആളത്വമായ (അറബിയിൽ-ഉഖ്നൂം) ക്രിസ്തു മനുഷ്യനായി അവതരിച്ചുവെങ്കിലും അവൻെറ ദൈവത്വത്തിന് യാതൊരു ഹാനിയും സംഭവിച്ചതായി നാം കാണുന്നില്ല. കാരണം, അവൻ മരിച്ചവരെ ഉയിർപ്പിക്കുകയും, കുരുടർക്ക് കാഴ്ച നല്കുകയും, കുഷ്ഠരോഗികളെ ശുദ്ധരാക്കുകയും പാപങ്ങളെ മോചിക്കുകയും, കൊടുങ്കാറ്റിനെ ശാന്തമാക്കുകയും മറ്റും ചെയ്തുകൊണ്ട് താൻ സർവ്വശക്തനായ ദൈവമെന്ന് തെളിയിച്ചു. സുവിശേഷങ്ങളിൽനിന്നും നാം മനസ്സിലാക്കുന്നത് അവൻ ജഡത്തിൽ വെളിപ്പെട്ടത് പ്രകൃത്യാതീതമായ നിലയിലായിരുന്നു എന്നാണ്. കാരണം, അവൻ മനുഷ്യശരീരത്തെ നിർമ്മിച്ചവനാകയാൽ ഒരു മനുഷ്യശരീരം സ്വീകരിക്കുവാൻ അവനൊരു ബുദ്ധിമുട്ടും ഉണ്ടായിരുന്നില്ല. ഈ വിശ്വാസത്തിനെതിരായി വാദിക്കുന്നവർ, മനുഷ്യശരീരത്തെ സൃഷ്ടിച്ചവൻ ദൈവമായിരുന്നില്ല, മറ്റേതോ ജീവിയായിരുന്നു എന്നു സമ്മതിക്കേണ്ടി വരും.

22. വിവേകിയും ബുദ്ധിമാനുമായ ഒരു മനുഷ്യന് പരിതഃസ്ഥിതികൾക്കനുസാരമായി തൻെറ ജീവിതത്തെ ക്രമീകരിക്കുവാൻ കഴിയുമെന്ന് നമുക്കറിയാം. അങ്ങനെയെങ്കിൽ സർവ്വശക്തനും സർവ്വജ്ഞാനിയുമായ ദൈവത്തിന് തൻെറ ദൈവിക സാരാംശത്തിൽ മാറ്റംവരാതെ മനുഷ്യാവതാരം എടുക്കുവാൻ കഴിയുകയില്ല എന്നാണോ നാം വിശ്വസിക്കേണ്ടത്?

സൂര്യൻ തൻെറ രശ്മിയെ അയച്ച് ഭൂമിയെ ചൂടാക്കുകയും ഭൂമിയിലുള്ള ജീവജാലങ്ങൾക്ക് ജീവൻ നല്കുകയും അവ വളരുവാൻ മുഖാന്തരമായി തീരുകയും ചെയ്യുന്ന കാര്യം ഓർത്തു നോക്കുക. പക്ഷേ സൂര്യൻെറ ഘടനയിൽ യാതൊരു മാറ്റവും സംഭവിക്കുന്നതായി നാം കാണുന്നില്ല. സൂര്യൻ തൻെറ ശക്തി മറ്റു ജീവജാലങ്ങൾക്ക് പകർന്ന് കൊടുക്കുന്നുണ്ട്

എന്നു വരികിലും അതിന് യാതൊരു മാറ്റവും വരുന്നില്ല എങ്കിൽ, സൂര്യനെ നിർമ്മിച്ച വലിയവനായ ദൈവത്തിന് ഈ അതുല്യമായ ശക്തിയില്ലാതെ വരുമോ?


"കളിമണ്ണിൽനിന്നുമാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്" (സൂറ. 55:14) എന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടല്ലോ. ഇതിൻെറ സാരം ദൈവം ഒരു പ്രത്യേക സമയത്ത് ഒരു പ്രത്യേക സ്ഥാനത്തിരുന്നുകൊണ്ട് കലം ഉണ്ടാക്കുന്ന കളിമണ്ണെടുത്ത് മനുഷ്യനെ ഉണ്ടാക്കി എന്നാണോ? മനുഷ്യനെ നിർമ്മിക്കുവാൻ ദൈവം തിരഞ്ഞെടുത്ത സമയത്തുനിന്നും സ്ഥലത്തുനിന്നും അവനെ തടയുവാൻ ആർക്കും കഴിയുകയില്ല എന്നു നിങ്ങൾ പറഞ്ഞേക്കാം. കാരണം, അവൻ സർവ്വശക്തനാണ്. അതുപോലെതന്നെ ദൈവം ഒരു പ്രത്യേക സ്ഥലത്തും ഒരു പ്രത്യേക സമയത്തും മനുഷ്യാവതാരം എടുക്കുവാൻ തീരുമാനിച്ചതിനെ തടയുവാൻ ആർക്കും കഴിയുകയില്ല. എന്തെന്നാൽ അവൻ സർവ്വശക്തൻ തന്നെയാണ്. ആകയാൽ ക്രിസ്തു പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക: "മനുഷ്യരാൽ അസാദ്ധ്യമായത് ദൈവത്താൽ സാദ്ധ്യമാകുന്നു" (ലൂക്കോസ് 18:27).

23. മുഹമ്മദ് ഇപ്രകാരം പറഞ്ഞതായി ഒരു പാരമ്പര്യം ഉണ്ട്. "ഉയിർത്തെഴുന്നേല്പു നാളിൽ അല്ലാഹുവിനോട് മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുവാൻ വേണ്ടി വിശ്വാസികൾ എന്നെ സമീപിക്കുമ്പോൾ അവർക്കുവേണ്ടി അപേക്ഷിക്കുവാനായി ദൈവം വസിക്കുന്ന ഭവനത്തിലേക്ക് ഞാൻ കടന്നു ചെല്ലും. ഞാൻ എൻെറ ദൈവത്തെ കണ്ടാൽ ഉടനെ അവൻെറ മുമ്പാകെ സാഷ്ടാംഗം വീഴുന്നതാണ്" (Bukhari 4:18).


ഇവിടെ ഒരു ചോദ്യം ഉദിക്കുന്നു: "ദൈവം ഒരു ഭവനത്തിലുൾക്കൊണ്ടിരിക്കുന്നുവെന്ന് മുഹമ്മദ് പറയുമ്പോൾ നിങ്ങൾ അതിൽ തെറ്റൊന്നും കാണുന്നില്ലായെങ്കിൽ ദൈവം ജഡത്തിൽ വെളിപ്പെട്ടു എന്നു പറയുന്ന ക്രിസ്ത്യാനികളോട് നിങ്ങൾ എന്തിനാണ് അത് ദൈവദൂഷണമാണെന്ന് പറയുന്നത്?"



ഈ ബന്ധത്തിൽ താഴെ പറയുന്ന ഖുറാൻ വാക്യങ്ങൾ ശ്രദ്ധിക്കുക:




സൂറ. 57:29. "അല്ലാഹുവിൻെറ അനുഗ്രഹം അവൻെറ കയ്യിലാണ് ഇരിക്കുന്നത്. താനുദ്ദേശിക്കുന്നവർക്കാണ് അതവൻ നല്കുന്നത്. അല്ലാഹു മഹത്തായ അനുഗ്രഹത്തിൻെറ നാഥനാകുന്നു."



സൂറ. 48:10. "പ്രതിജ്ഞ ചെയ്യുന്നവൻ അല്ലാഹുവിനോടാണ് പ്രതിജ്ഞ ചെയ്യുന്നത്. അല്ലാഹുവിൻെറ കൈ അവരുടെ കൈകൾക്കു മീതെയുണ്ട്."



സൂറ. 67:1. "ആധിപത്യം ആരുടെ കയ്യിലാണോ അവനെല്ലാ കാര്യങ്ങൾക്കും കഴിവുള്ളവനാണ്."



സൂറ. 11:37. (അല്ലാഹു നൂഹിനോടു പറഞ്ഞു: നമ്മുടെ

നിർദ്ദേശമനുസരിച്ചും നമ്മുടെ മേൽനോട്ടത്തിലും നീ ഒരു കപ്പൽ പണിയുക."

وَاصْبِرْ لِحُكْمِ رَبِّكَ فَإِنَّكَ بِأَعْيُنِنَا وَسَبِّحْ بِحَمْدِ
رَبِّكَ حِينَ تَقُومُ

സൂറ. 52:48. "അല്ലാഹു മുഹമ്മദിനോടു പറഞ്ഞു: നീ നിന്റെ രക്ഷിതാവിന്റെ വിധി ക്ഷമയോടെ കാത്തിരിക്കുക; നീ നമ്മുടെ കണ്മുമ്പിൽ തന്നെയാണ് ഉള്ളത്."

أَنِ اقْذِفِيهِ فِي التَّابُوتِ فَاقْذِفِيهِ فِي الْيَمِّ فَلْيُلْقِهِ الْيَمُّ
بِالسَّاحِلِ يَأْخُذْهُ عَدُوٌّ لِّي وَعَدُوٌّ لَّهُ وَأَلْقَيْتُ عَلَيْكَ مَحَبَّةً
مِّنِّي وَلِتُصْنَعَ عَلَىٰ عَيْنِي

സൂറ. 20:39. "അല്ലാഹു മൂസയോട് പറഞ്ഞു: "നിന്റെ മാതാവിന്റെ മനസ്സിൽ നാം തോന്നിപ്പിച്ചപ്പോൾ, ആ കുട്ടിയെ ഒരു പെട്ടകത്തിൽ വെച്ചുകൊള്ളുക" എന്നു പറഞ്ഞു .......എന്റേയും അവന്റേയും ശത്രു ആ കുട്ടിയെ പിടിക്കും; അങ്ങനെ എന്റെ സ്നേഹം ഞാൻ നിന്റെ മേൽ ചൊരിഞ്ഞു; എന്റെ മേൽനോട്ടത്തിൽ നിന്റെ പരിശീലനവും പരിപാലനവും നടക്കേണ്ടതിനാണ് നാമിങ്ങനെ ചെയ്തത്."

മുഹമ്മദ് ഇപ്രകാരം പറഞ്ഞതായി ഒരു പാരമ്പര്യം അബുഹുറൈര ഉദ്ധരിക്കുന്നുണ്ട്. "ദൈവം എല്ലാ ജീവജാലങ്ങളേയും സൃഷ്ടിച്ചു കഴിഞ്ഞപ്പോൾ അവയ്ക്കെല്ലാം സ്ത്രീബന്ധം ആവശ്യമാണെന്നു മനസ്സിലായി. അങ്ങനെ അവരെല്ലാം കരുണാസമ്പന്നനായ അല്ലാഹുവിന്റെ അരക്കെട്ടിൽ കയറിപ്പിടിച്ചു" (Bukhari 3:114).

മേൽപ്പറഞ്ഞ എല്ലാ ഉദ്ധരണികളിൽനിന്നും തെളിയുന്ന ഒരു സത്യമാണ്, മനുഷ്യനുള്ള അവയവങ്ങളെപോലെതന്നെ



ദൈവത്തിനും മുഖവും, കയ്യും, കണ്ണും, അരക്കെട്ടും, മറ്റുമുണ്ടെന്നുള്ളത്. ദൈവത്തിന്റെ മനുഷ്യാവതാരം ദൈവദൂഷണമാണെന്നു പറയുകയാണെങ്കിൽ മുമ്പറഞ്ഞ വാക്യങ്ങളെ എങ്ങനെയാണ് വിശദീകരിക്കുന്നത്?

25. വിശുദ്ധനായ ദൈവം എങ്ങനെയാണ് രക്തവും അശുദ്ധിയും നിറഞ്ഞ ഒരു സ്ത്രീയുടെ ഗർഭപാത്രത്തിൽ വസിക്കുന്നത്? ഗർഭധാരണത്തിലും പ്രസവത്തിലും ഉണ്ടാകുന്ന മാലിന്യങ്ങളെ അവനെങ്ങനെ സഹിക്കും? അതുപോലെ വിശന്നും ഭക്ഷിച്ചും ദാഹിച്ചും കുടിച്ചും മലമൂത്രവിസർജ്ജനം ചെയ്തും അവനെങ്ങനെയാണ് ഒരു മനുഷ്യശരീരത്തിൽ ജീവിക്കുന്നത്?

ഇങ്ങനെ പറയുന്നവർ ഒരുപക്ഷേ, "മറിയം ഗർഭം ധരിച്ചത് പരിശുദ്ധാത്മാവിനാൽ ആണെന്ന കാര്യം" മനസ്സിലാക്കുന്നില്ല. ഒരു സ്ത്രീയുടെ രക്തവുമായി ബന്ധപ്പെടുവാൻ കഴിയാതവണ്ണം ദൈവം വിശുദ്ധനാണെങ്കിൽ, പിന്നെ എങ്ങനെയാണ് ആദാമിന്റെ വാരിയെല്ലുകളിൽ ഒന്നെടുത്ത് അതുകൊണ്ട് ഒരു സ്ത്രീയെ ദൈവം ഉണ്ടാക്കുന്നത്? അതുപോലെ അയിഷ പറഞ്ഞതായി വിശ്വസിക്കപ്പെടുന്ന പാരമ്പര്യത്തെയും അവർ എങ്ങനെ വിശദീകരിക്കും. "എന്റെ ആർത്തവകാലത്ത് പ്രവാചകൻ എന്റെ മാർവ്വിടത്തിൽ ചാരിക്കിടന്നുകൊണ്ട് ഖുറാൻ ഓതുമായിരുന്നു" (Bukhari 1:44).

രക്തം അശുദ്ധമാണെങ്കിൽ എന്തുകൊണ്ടാണ് അയിഷ ഋതുവായിരുന്നപ്പോൾ മുഹമ്മദ് അവളുടെ മാർവ്വിൽ ചാരിക്കിടന്നുകൊണ്ട് ഖുറാൻ വായിച്ചത്? പ്രത്യേകിച്ചും ആ ഖുറാനിലെ വചനങ്ങൾ ദൈവത്തിൽനിന്നും നേരിട്ടു ലഭിച്ചതാണെന്നു വിശ്വസിക്കുകയും ചെയ്യുമ്പോൾ? അങ്ങനെയിരിക്കെ ദൈവവചനമായ ക്രിസ്തുവിന് എന്തുകൊണ്ട് കന്യകയുടെ ഗർഭപാത്രത്തിൽ ഉരുവാകുവാൻ പാടില്ല? താഴെ പറയുന്ന ഖുറാൻ വാക്യം ശ്രദ്ധിക്കുക:

وَإِذْ قَالَ رَبُّكَ
لِلْمَلَٰٓئِكَةِ إِنِّى خَٰلِقٌۢ بَشَرًا مِّن صَلْصَٰلٍ مِّنْ حَمَإٍ مَّسْنُونٍ ﴿٢٨﴾

സൂറ. 15:28. “നിൻെറ രക്ഷിതാവ് മലക്കുകളോട് പറഞ്ഞ സന്ദർഭം ഓർക്കുക: ദുർഗന്ധമുള്ള ഉണങ്ങിയ കളിമണ്ണുകൊണ്ടാണ് ഞാൻ മർത്യനെ നിർമ്മിക്കുവാൻ പോകുന്നത്.” ആ കളിമണ്ണ് “കറുത്ത കളിമണ്ണാ”യിരുന്നു എന്ന് ജലാലൈൻ പറയുന്നു. വിശുദ്ധനായ ദൈവം ദുർഗന്ധപൂരിതമായ കറുത്ത കളിമണ്ണുകൊണ്ട് മനുഷ്യനെ ഉണ്ടാക്കുന്നതിൽ വൈമുഖ്യം പ്രദർശിപ്പിക്കുകയോ തൻെറ മഹത്വത്തിന് അതുമൂലം കളങ്കം ഭവിക്കുകയോ ചെയ്തില്ലായെങ്കിൽ, അതേ മനുഷ്യനെ സർവ്വജീവജാലങ്ങളുടെയും മണിമകുടമായി ഉയർത്തിയതിനുശേഷം അവനിൽ വസിക്കുവാൻ ദൈവം വൈമുഖ്യം പ്രദർശിപ്പിക്കുമെന്ന് വിചാരിക്കുവാൻ വല്ല ന്യായവുമുണ്ടോ? അപ്പോസ്തലനായ പൗലോസ് മുഖാന്തരം താഴെ പറയുംപ്രകാരം അരുളിച്ചെയ്ത ദൈവത്തിൻെറ നാമം ഇന്നുമെന്നേക്കും മഹത്വപ്പെടുമാറാകട്ടെ. “നിങ്ങൾ ദൈവത്തിൻെറ മന്ദിരം എന്നും ദൈവത്തിൻെറ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നും അറിയുന്നില്ലയോ?” (1 കൊരി. 3:16). വിശുദ്ധനായ ദൈവം തൻെറ പരിശുദ്ധാത്മാവിൽകൂടി ഒരു വിശ്വാസിയിൽ വസിക്കുവാൻ ഇഷ്ടപ്പെടുന്നുവെങ്കിൽ, പാപമറിയാത്തവനും മനുഷ്യസന്തതിയല്ലാത്തവനുമായ യേശുവിന് എന്തുകൊണ്ട് ഒരു സ്ത്രീയിൽ ജനിക്കുവാൻ പാടില്ല?

26. ഖുറാനിൽ നാം ഇപ്രകാരം വായിക്കുന്നു:

فَلَمَّا قَضَىٰ مُوسَى ٱلْأَجَلَ وَسَارَ بِأَهْلِهِۦٓ ءَانَسَ مِن جَانِبِ
ٱلطُّورِ نَارًا قَالَ لِأَهْلِهِ ٱمْكُثُوٓا۟ إِنِّىٓ ءَانَسْتُ نَارًا لَّعَلِّىٓ ءَاتِيكُم
مِّنْهَا بِخَبَرٍ أَوْ جَذْوَةٍ مِّنَ ٱلنَّارِ لَعَلَّكُمْ تَصْطَلُونَ ﴿٢٩﴾
فَلَمَّآ أَتَىٰهَا نُودِىَ مِن شَٰطِئِ ٱلْوَادِ ٱلْأَيْمَنِ فِى ٱلْبُقْعَةِ
ٱلْمُبَٰرَكَةِ مِنَ ٱلشَّجَرَةِ أَن يَٰمُوسَىٰٓ إِنِّىٓ أَنَا ٱللَّهُ رَبُّ ٱلْعَٰلَمِينَ ﴿٣٠﴾



സൂറ. 28:29,30. “അങ്ങനെ മൂസ അവധി പൂർത്തിയാക്കുകയും തൻെറ കുടുംബത്തേയുംകൊണ്ട് യാത്ര പുറപ്പെടുകയും ചെയ്തപ്പോൾ തൂർ പർവ്വതത്തിൻെറ ഒരു ഭാഗത്ത് അവർ ഒരു തീ കണ്ടു. അപ്പോൾ അവൻ തൻെറ കുടുംബത്തോടു പറഞ്ഞു: നിങ്ങൾ ഇവിടെ നില്ക്കുക; ഞാനൊരു തീ കാണുന്നുണ്ട്; അവിടെ പോയാൽ നമുക്കു പോകേണ്ട വഴിയെക്കുറിച്ച് വല്ല വിവരവും ലഭിച്ചെന്നു വരാം. അല്ലെങ്കിൽ, നിങ്ങളുടെ ദേഹം ചൂടാക്കാൻ ഒരു മരക്കൊമ്പിൽ അല്പം തീ കത്തിച്ചുകൊണ്ടു വരാൻ കഴിഞ്ഞേക്കാം. അങ്ങനെ അവൻ ആ തീയുടെ സമീപമെത്തിയപ്പോൾ, ആ അനുഗൃഹീത സ്ഥലത്തുള്ള താഴ്വരയുടെ വലതുഭാഗത്തു നില്ക്കുന്ന ഒരു വൃക്ഷത്തിൽ നിന്ന്, “ഓ മൂസ, സർവ്വലോകരക്ഷിതാവായ അല്ലാഹു ഞാനത്രെ” എന്നു വിളിച്ചു പറയുന്ന ഒരു ശബ്ദം കേട്ടു.”

ഇതേ സംഭവം സൂറ. 20-ൽ 9-13 വാക്യങ്ങളിലും ആവർത്തിക്കുന്നതായി കാണുന്നുണ്ട്.

وَهَلْ أَتَىٰكَ حَدِيثُ مُوسَىٰٓ ﴿٩﴾ إِذْ رَءَا نَارًا فَقَالَ
لِأَهْلِهِ ٱمْكُثُوٓا۟ إِنِّىٓ ءَانَسْتُ نَارًا لَّعَلِّىٓ ءَاتِيكُم مِّنْهَا بِقَبَسٍ أَوْ
أَجِدُ عَلَى ٱلنَّارِ هُدًى ﴿١٠﴾ فَلَمَّآ أَتَىٰهَا نُودِىَ يَٰمُوسَىٰٓ ﴿١١﴾ إِنِّىٓ أَنَا۠
رَبُّكَ فَٱخْلَعْ نَعْلَيْكَ إِنَّكَ بِٱلْوَادِ ٱلْمُقَدَّسِ طُوًى ﴿١٢﴾
وَأَنَا ٱخْتَرْتُكَ فَٱسْتَمِعْ لِمَا يُوحَىٰٓ ﴿١٣﴾

“മൂസയുടെ ചരിത്രത്തെക്കുറിച്ച് നിനക്കറിയാമോ? അതായത് അവൻ തീ കണ്ട സന്ദർഭം; അപ്പോൾ അവൻ തൻെറ കുടുംബത്തോടു പറഞ്ഞു: ഇവിടെ നില്ക്കുക; ദൂരെ ഞാൻ ഒരു തീ കാണുന്നുണ്ട്; അവിടെ നിന്നും ഞാനല്പം തീ എടുത്തുകൊണ്ടുവരാം; ഒരുപക്ഷേ ആ അഗ്നിക്കു സമീപം വഴികാണിച്ചുതരുന്ന ആരെയെങ്കിലും കണ്ടേക്കാം. അങ്ങനെ അവൻ

അഗ്നിക്കടുത്ത് എത്തിയപ്പോൾ ആരോ ഒരാൾ അവൻെറ പേരു ചൊല്ലി ഇപ്രകാരം വിളിക്കുന്നതു കേട്ടു: "അല്ലയോ മൂസ ഞാൻ, ഞാൻ തന്നെയാണ്. നിൻെറ രക്ഷിതാവ്, അതുകൊണ്ട് നിൻെറ കാലിൽനിന്നും ചെരിപ്പ് അഴിച്ചുമാറ്റുക. കാരണം, നീ നില്ക്കുന്ന സ്ഥലം തൂവ്വയിലെ വിശുദ്ധ താഴ്‌വരയിലാണ്. ഞാൻ നിന്നെ തിരഞ്ഞെടുത്തിരിക്കുന്നു. അതുകൊണ്ട് നല്കപ്പെടുന്ന സന്ദേശം ശ്രദ്ധിച്ചുകൊൾക."

ഇമാം ഫക്രുദീൻ അരാസി ഈ ചരിത്രത്തെ ഇപ്രകാരം വിശദീകരിക്കുന്നു: മൂസ തൻെറ ഭാര്യാപിതാവിൻെറ അനുവാദത്തോടെ കുടുംബസമേതം തൻെറ മാതാവിൻെറ സമീപത്തേക്കു പോകുവാൻ യാത്ര തിരിച്ചു. വഴിയാത്രയിൽവെച്ച് തണുപ്പേറിയ ഒരു വെള്ളിയാഴ്ച രാത്രിയിൽ അവൻെറ ഭാര്യ ഒരു മകനെ പ്രസവിച്ചു. അപ്പോൾ മൂസ വളരെ പരിഭ്രമിച്ചു. തീക്കല്ല് കൂട്ടിയുരസി തീയുണ്ടാക്കുവാൻ അവൻ ശ്രമിച്ചുനോക്കി. പക്ഷേ സാധിച്ചില്ല. അങ്ങനെയവൻ വീണ്ടും വീണ്ടും പരിശ്രമിക്കുമ്പോൾ അല്പം അകലെയായി വഴിയരികിൽ തീ കത്തുന്നതായി കണ്ടു. ഏതെങ്കിലും ആട്ടിടയന്മാർ കത്തിച്ച തീയായിരിക്കും അതെന്ന് മൂസ വിചാരിച്ചു. അപ്പോൾ അവൻ തൻെറ കുടുംബത്തോട് ഇപ്രകാരം പറഞ്ഞു: അതാ, ഞാനൊരു തീ കാണുന്നു. ഞാൻ അവിടംവരെ പോയി അല്പം തീ എടുത്തുകൊണ്ടുവരാം. ഇബിൻ അബ്ബാസ് ഇപ്രകാരം തുടരുന്നു: മൂസ അങ്ങോട്ടു ചെല്ലുമ്പോൾ ഒരു പച്ച മരം അടി മുതൽ മുടിവരെ തീ ആളിക്കത്തുന്നതായി അവൻ കണ്ടു. ആ തീയുടെ അത്ഭുതകരമായ പ്രകാശത്തിൽ അവൻ അത്ഭുതസ്തബ്ധനായി നിന്നുപോയി. തീ ആളിക്കത്തുന്നുണ്ടായിരുന്നുവെങ്കിലും, ആ പച്ച മരത്തിന് യാതൊരു മാറ്റവും സംഭവിക്കുന്നതായി അവനു കാണുവാൻ കഴിഞ്ഞില്ല. അപ്പോൾ മലക്കുകൾ സ്തുതിഗീതങ്ങൾ പാടുന്നതായി അവൻ കേട്ടു. പെട്ടെന്ന് ഒരു വലിയ വെളിച്ചം അവൻെറ ചുറ്റും മിന്നി. ഇതു കണ്ടപ്പോൾ മൂസ തൻെറ കൈകൊണ്ട് കണ്ണ് രണ്ടും പൊത്തിപ്പിടിച്ചു.



അപ്പോൾ തന്നെ ആരോ പേരു പറഞ്ഞു വിളിക്കുന്നതായി അവൻ കേട്ടു. "അല്ലയോ മൂസ, ഞാൻ നിൻെറ ദൈവമാകുന്നു." മൂസ ഉടനെ അനുസരണയുള്ളവനായി വിനയത്തോടെ മറുപടി പറഞ്ഞു: "രക്ഷിതാവേ, ഞാൻ നിൻെറ ശബ്ദം കേൾക്കുന്നു. എന്നാൽ ഞാൻ നിന്നെ കാണുന്നില്ല. നീ എവിടെയാണ്?" അപ്പോൾ ദൈവം പറഞ്ഞു: " ഞാൻ നിൻെറ കൂടെയുണ്ട്; നിൻെറ മുമ്പിലും, നിൻെറ പിറകിലും, നിൻെറ ചുറ്റും, നിൻെറ അടുത്തും ഞാനുണ്ട്; നീ നില്ക്കുന്ന സ്ഥലം വിശുദ്ധ താഴ്‌വരയാകയാൽ നിൻെറ കാലിൽനിന്നും ചെരിപ്പ് അഴിച്ചുമാറ്റുക" (Attafser al kabir Volume 22, Page 14,15).

ഈ ചരിത്രം ബൈബിളിൽ ഇപ്രകാരം വിവരിക്കുന്നു: "അവിടെ യഹോവയുടെ ദൂതൻ ഒരു മുൾപ്പടർപ്പിൻെറ നടുവിൽ നിന്ന് അഗ്നിജ്വാലയിൽ അവനു പ്രത്യക്ഷനായി. അവൻ നോക്കിയാറെ മുൾപ്പടർപ്പ് തീപിടിച്ചു കത്തുന്നതും മുൾപ്പടർപ്പ് വെന്തുപോകാതിരിക്കുന്നതും കണ്ടു. മുൾപ്പടർപ്പ് വെന്തുപോകാതിരിക്കുന്ന ഈ വലിയ കാഴ്ചയെന്തെന്ന് ഞാൻ ചെന്നു നോക്കട്ടെയെന്ന് മോശെ പറഞ്ഞു. നോക്കേണ്ടതിന് അവൻ വരുന്നത് യഹോവ കണ്ടപ്പോൾ ദൈവം മുൾപ്പടർപ്പിൻെറ നടുവിൽനിന്ന് അവനെ മോശെ, മോശെ എന്നു വിളിച്ചു. അതിന്നവൻ ഇതാ ഞാൻ എന്നു പറഞ്ഞു. അപ്പോൾ ദൈവം ഇങ്ങോട്ടടുക്കരുത്, നീ നില്ക്കുന്ന സ്ഥലം വിശുദ്ധ ഭൂമിയാകയാൽ കാലിൽനിന്ന് ചെരിപ്പഴിച്ചുകളയുക എന്നു കല്പിച്ചു"(പുറ.3: 2-5).

എൻെറ പ്രിയ സ്നേഹിതാ, മനുഷ്യവർഗ്ഗത്തിനുള്ള ഒരു സന്ദേശവുമായി ദൈവം മോശെയെ നിയോഗിച്ചയച്ചപ്പോൾ ദൈവം മുൾപ്പടർപ്പിൽ നിന്നുകൊണ്ട് അഗ്നിജ്വാലയിൽ അവനു പ്രത്യക്ഷനായതായി നാം കാണുന്നു. അങ്ങനെയെങ്കിൽ സ്നേഹവാനായ ദൈവം യേശുക്രിസ്തുവിൽ കൂടി വെളിപ്പെടുവാൻ പ്രസാദിച്ചുവെങ്കിൽ, അക്കാര്യം വിശ്വസിക്കുന്ന ക്രിസ്ത്യാനികൾ പറയുന്നത്, ദൈവദൂഷണമാണെന്നു മുദ്രയടി

ക്കുവാൻ നിങ്ങൾ എങ്ങനെ ധൈര്യപ്പെടുന്നു? ദൈവം മുൾപ്പടർപ്പിൽ കൂടി പ്രത്യക്ഷനായി എങ്കിൽ അവനു ക്രിസ്തുവിൽ കൂടി വെളിപ്പെടുവാൻ പാടില്ലയോ?

27. യേശുക്രിസ്തു ഈ ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ തിന്നുകയും കുടിക്കുകയും മലമൂത്രവിസർജ്ജനം നടത്തുകയും ചെയ്തുവെങ്കിൽ അതുമൂലം ദൈവത്വത്തിന്റെ സമ്പൂർണ്ണതയ്ക്ക് യാതൊരു ഹാനിയും സംഭവിക്കുന്നില്ല. തിരുവെഴുത്തിൽ ഇക്കാര്യം വിശദീകരിക്കുന്നത് ശ്രദ്ധിക്കുക: "യാതൊന്നും സ്വതവെ മലിനമല്ലയെന്ന് ഞാൻ കർത്താവായയേശുവിൽ അറിഞ്ഞും ഉറച്ചും ഇരിക്കുന്നു. വല്ലതും മലിനമെന്ന് എണ്ണുന്നവനു മാത്രം അതു മലിനമാകുന്നു" (റോമ. 14:14).

പ്രിയ സ്നേഹിതാ, തിരുവെഴുത്തുകൾ നിങ്ങൾ വിശദമായി പരിശോധിച്ചാൽ, ദൈവം തന്നെ വെളിപ്പെടുത്തുവാനും തന്റെ ഉദ്ദേശ്യങ്ങളെ ലോകത്തെ അറിയിക്കുവാനും അവലംബിച്ച മാർഗ്ഗം ദൈവിക പ്രത്യക്ഷതകൾ മൂലവും മനുഷ്യാവതാരം മൂലവുമാണെന്ന് മനസ്സിലാക്കുവാൻ പ്രയാസമുണ്ടാകയില്ല. ഈ പ്രത്യക്ഷതകൾ ചിലപ്പോൾ മേഘത്തിലായിരിക്കാം, ചിലപ്പോൾ തീയിലായിരിക്കാം, ചിലപ്പോൾ നിയമദൂതൻ മൂലമായിരിക്കാം. അല്ലെങ്കിൽ, ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും ദേഹരൂപമായി വസിച്ചവനും കൃപയും സത്യവും നിറഞ്ഞവനുമായ ക്രിസ്തുവിൽ കൂടി ആയിരിക്കാം.

എബ്രായ ലേഖനം 1:1,2 വാക്യങ്ങളിൽ ദൈവം മനുഷ്യവർഗ്ഗത്തോട് ഇടപെട്ട വിധത്തെക്കുറിച്ചുള്ള ഒരു പ്രധാന പ്രസ്താവന കാണാവുന്നതാണ്. "ദൈവം പണ്ട് ഭാഗംഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തരം പിതാക്കന്മാരോട് അരുളിച്ചെയ്തിട്ട് ഈ അന്ത്യകാലത്ത് പുത്രൻ മുഖാന്തരം നമ്മോട് അരുളിച്ചെയ്തിരിക്കുന്നു. അവനെ താൻ സകലത്തിനും അവകാശിയാക്കി വെച്ചു, അവൻ മുഖാന്തരം ലോകത്തെയും ഉണ്ടാക്കി." ദൈവം മനുഷ്യന് വെളിപ്പെട്ട മറ്റു ചില



പ്രത്യക്ഷതകളെക്കുറിച്ചും ബൈബിളിൽ കാണാവുന്നതാണ്.

ഉല്പത്തി 18:1-5 വാക്യങ്ങളിൽ നാം ഇപ്രകാരം വായിക്കുന്നു; "അനന്തരം യഹോവ അവന് മമ്രേയുടെ തോപ്പിൽ വെച്ച് പ്രത്യക്ഷനായി. വെയിലുറച്ചപ്പോൾ അവൻ (അബ്രഹാം) കൂടാരവാതില്ക്കൽ ഇരിക്കയായിരുന്നു. അവൻ തലപൊക്കി നോക്കിയപ്പോൾ മൂന്നു പുരുഷന്മാർ തന്റെ നേരെ നില്ക്കുന്നതു കണ്ടു; അവരെ കണ്ടപ്പോൾ അവൻ കൂടാര വാതില്ക്കൽനിന്ന് അവരെ എതിരേല്പാൻ ഓടിച്ചെന്നു നിലം വരെ കുനിഞ്ഞു: യജമാനനെ എന്നോടു കൃപയുണ്ടെങ്കിൽ അടിയനെ കടന്നുപോകരുതേ; അസാരം വെള്ളം കൊണ്ടുവന്നു നിങ്ങളുടെ കാലുകളെ കഴുകട്ടെ; വൃക്ഷത്തിൻ കീഴിൽ ഇരിപ്പിൻ, ഞാൻ ഒരു മുറി അപ്പം കൊണ്ടുവരാം, വിശപ്പടക്കിയിട്ടു നിങ്ങൾക്കു പോകാം. ഇതിനായിട്ടല്ലോ നിങ്ങൾ അടിയന്റെ അടുക്കൽ കയറിവന്നത് എന്നു പറഞ്ഞു. നീ പറഞ്ഞതുപോലെ ആകട്ടെ എന്ന് അവർ പറഞ്ഞു." ഇവിടെ അബ്രാഹാമിന് ദൈവം മാനുഷരൂപത്തിൽ പ്രത്യക്ഷനാകയും അവന്റെ സമീപം ഇരുന്ന് തിന്നുകയും കുടിക്കുകയും ചെയ്തതായി കാണുന്നു.

ഉല്പത്തി 32:22-30 വാക്യങ്ങളിൽ ദൈവം യാക്കോബിന് ഒരു മനുഷ്യനായി പ്രത്യക്ഷനാകയും നേരം പുലരുന്നതുവരെ അവനുമായി മല്ലുപിടിക്കയും ചെയ്തതായി നാം വായിക്കുന്നു. ഒടുവിലായി ദൈവം യാക്കോബിനോട്; "എന്നെ വിടുക" എന്നു പറഞ്ഞപ്പോൾ യാക്കോബ് പറയുന്നത്; "നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല" എന്നാണ്. അങ്ങനെ ദൈവം യാക്കോബിനെ അനുഗ്രഹിക്കയും, നീ ദൈവത്തോടും മനുഷ്യരോടും മല്ലുപിടിച്ചു ജയിച്ചു എന്നു പറകയും ചെയ്തു. അപ്പോൾ യാക്കോബ്, "ഞാൻ ദൈവത്തെ മുഖാമുഖമായി കണ്ടിട്ടും എനിക്കു ജീവഹാനി വന്നില്ല" എന്നു പറഞ്ഞു. ആ സ്ഥലത്തിന് പെനിയേൽ എന്നു പേരിട്ടതായി കാണുന്നു.

പുറപ്പാട് 24:9-11 വാക്യങ്ങളിൽ നാം ഇപ്രകാരം വായിക്കുന്നു; "അനന്തരം മോശെയും അഹരോനും നാദാബും അബീഹുവും യിസ്രായേൽ മൂപ്പന്മാരിൽ എഴുപത് പേരും കൂടെ കയറിച്ചെന്നു. അവർ യിസ്രായേലിൻെറ ദൈവത്തെ കണ്ടു. അവൻെറ പാദങ്ങൾക്കു കീഴെ നീലക്കല്ല് പടുത്ത തളം പോലെയും ആകാശത്തിൻെറ സ്വച്ഛതപോലെയും ആയിരുന്നു. യിസ്രായേൽ മക്കളുടെ പ്രമാണികൾക്ക് തൃക്കൈയ്യാൽ ഒന്നും ഭവിച്ചില്ല. അവർ ദൈവത്തെ കണ്ടു. ഭക്ഷണപാനീയങ്ങൾ കഴിച്ചു." ഇവിടെയും ദൈവം യിസ്രായേൽമക്കൾക്ക് പ്രത്യക്ഷനായത് മനുഷ്യനെപ്പോലെ കൈയും കാലും ഉള്ളവനായിട്ടാണ്. എന്നാൽ യിസ്രായേൽമക്കളുടെ പ്രമാണികൾക്ക് തൃക്കൈയ്യാൽ ഒന്നും ഭവിച്ചില്ല എന്നു കാണുന്നു. കാരണം, അവർ പാപികളായിരുന്നതിനാൽ അവർക്കും ദൈവത്തിനുമിടയിൽ മദ്ധ്യസ്ഥനായി ദൈവസ്വഭാവവും മനുഷ്യ സ്വഭാവവും ഉള്ള ഒരു വ്യക്തി ആവശ്യമായിരുന്നു.

★★★★★★★



## അദ്ധ്യായം 3

**ചോദ്യം:-**

*"ക്രിസ്ത്യാനികൾ അവകാശപ്പെടുന്നതുപോലെ ദൈവത്തിന് ഒരു മകനുണ്ടെങ്കിൽ, ആ മകനെ തന്നെ പാപികളായ മനുഷ്യവർഗ്ഗത്തെ രക്ഷിക്കുവാൻ വേണ്ടി ഈ ഭൂമിയിലേക്ക് അയക്കേണ്ട ആവശ്യമുണ്ടായിരുന്നുവോ? മാത്രമല്ല, നമ്മെപ്പോലെ കഷ്ടതകൾ അനുഭവിക്കുകയും പരീക്ഷിക്കപ്പെടുകയും ഒടുവിലായി ദുഷ്ടമനുഷ്യരുടെ കൈകളാൽ വധിക്കപ്പെടുവാൻ അനുവദിക്കുകയും ചെയ്യാതെ കരുണാ സമ്പന്നനായ ദൈവത്തിന് മറ്റ് ഏതെങ്കിലും നിലയിൽ മനുഷ്യവർഗ്ഗത്തെ രക്ഷിക്കുവാനുള്ള അധികാരവും ശക്തിയും ഇല്ലായിരുന്നുവോ?* S.A. Damascus: Syria.

29. ദൈവം മനുഷ്യനെ സൃഷ്ടിച്ചത് തൻെറ സ്വന്തം സ്വരൂപത്തിലും സാദൃശ്യത്തിലുമാണെന്ന് ബൈബിൾ ഉപദേശിക്കുന്നു (ഉല്പ. 1:26). മനുഷ്യൻ മാലിന്യമേശാത്ത അവസ്ഥയിലായിരിപ്പാനാണ് ദൈവം ആഗ്രഹിച്ചത്. എന്നാൽ മനുഷ്യൻ അഹങ്കാരിയായിത്തീർന്നതിൻെറ ഫലമായി ദൈവത്തിൻെറ കല്പന ലംഘിക്കുകയും മനഃപൂർവ്വം ദൈവത്തെ അനുസരിക്കാതെ അവനെ വിട്ട് അകന്നു പോകുകയും ചെയ്തു. മനുഷ്യൻ അങ്ങനെ പാപിയായിത്തീരുകയും ദൈവത്തിൻെറ ശിക്ഷാവിധിക്ക് യോഗ്യനായിത്തീരുകയും ചെയ്തു. ദൈവവചനം പറയുന്നത് ശ്രദ്ധിക്കുക; "പാപം ചെയ്യുന്ന ദേഹി മരിക്കും" (യെഹ. 18:20). ഇതേ സത്യം തന്നെയാണ് അപ്പോസ്തലനായ പൗലോസും പറയുന്നത്; "അതുകൊണ്ട് ഏകമനുഷ്യനാൽ പാപവും, പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാ മനുഷ്യരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു" (റോമ. 5:12).

ആദ്യ മാതാപിതാക്കന്മാർ ചെയ്തതുപോലെ, മനുഷ്യ വർഗ്ഗം മുഴുവനും തങ്ങളുടെ പരിജ്ഞാനത്തിനനുസരിച്ച് പോലും, ദൈവത്തെ അനുസരിക്കുന്നില്ല എന്നാണ് ദൈവവചനം പറയുന്നത്. ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ അവനുണ്ടായിരുന്ന ദൈവിക തേജസ്സും വിശുദ്ധിയും അവനിൽനിന്നും എന്നെന്നേക്കുമായി നഷ്ടപ്പെട്ടു. ജ്ഞാനിയായ ശലോമോൻെറ വാക്കുകൾ ശ്രദ്ധിക്കുക. "ദൈവം മനുഷ്യനെ നേരുള്ളവനായി സൃഷ്ടിച്ചു. അവരോ അനേകം സൂത്രങ്ങളെ അന്വേഷിച്ചുവരുന്നു" (സഭാപ്രസംഗി 7:29). അപ്പോസ്തലനായ പൗലോസ് പറയുന്നത് നോക്കുക; "അവർ ദൈവത്തെ അറിഞ്ഞിട്ടും അവനെ ദൈവമെന്നോർത്തു മഹത്വീകരിക്കയോ നന്ദികാണിക്കയോ ചെയ്യാതെ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായിത്തീർന്നു. അവരുടെ വിവേകമില്ലാത്ത ഹൃദയം ഇരുണ്ടു പോയി. ജ്ഞാനികൾ എന്നു പറഞ്ഞുകൊണ്ട് അവർ മൂഢരായിപ്പോയി" (റോമ. 1:21,22).

ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ തൻെറ പരിജ്ഞാനത്തിനനുസാരമായി ദൈവത്തെ അനുസരിച്ചിരുന്നുവെങ്കിൽ, അവൻ മാലിന്യമേശാത്തവനും വിശുദ്ധിയുള്ളവനുമായി ജീവിക്കുമായിരുന്നു. ഒന്നുമില്ലായ്മയിൽ നിന്നും ദൈവം നമ്മെ സൃഷ്ടിച്ച് നമ്മിൽ ജീവശ്വാസം ഊതുക മാത്രമല്ല ദൈവം ചെയ്തത്; ദൈവിക സംസർഗ്ഗത്തിൽ ജീവിക്കുവാൻ നമ്മെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ ദൈവവഴിയിൽനിന്നും മനുഷ്യൻ വ്യതിചലിച്ചുപോകയും സാത്താൻെറ പരീക്ഷയിൽ അവൻ അകപ്പെടുകയും ചെയ്തതിനാൽ അവൻെറ പരാജയത്തിന് അവൻ തന്നെ കാരണഭൂതനായിത്തീർന്നു.

30. ദൈവസാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ എന്നേക്കുമായി നശിച്ചുപോകുന്നത് ദൈവത്തിനു ഭൂഷണമാണോ? കരുണാസമ്പന്നനും നീതിമാനുമായ ദൈവം എന്താണ് ചെയ്യുക? അവൻ ദയയും കരുണയും നിറഞ്ഞവനാകയാൽ തൻെറ സാദൃശ്യത്തെ മനുഷ്യവർഗ്ഗത്തിൽനിന്നും തുടച്ചുമാറ്റുവാൻ സമ്മതിക്കുമോ? പരിപൂർണ്ണ



നായി സൃഷ്ടിക്കപ്പെട്ട മനുഷ്യൻ, എന്നെന്നേയ്ക്കുമായി നശിച്ചുപോകുന്നതിൽ മഹത്വസമ്പൂർണ്ണമായ ദൈവം സന്തോഷിക്കുമോ? മനുഷ്യൻെറ ഈ പരിതാപാവസ്ഥയിൽ ദൈവം അവനെ കൈവിട്ടുകളയുമോ? അങ്ങനെയെങ്കിൽ വിശുദ്ധനായ ദൈവത്തിൻെറ മഹത്വത്തിന് ഈ അവഗണന യോഗ്യമായിരിക്കുമോ? ഇല്ല, ഒരിക്കലുമില്ല. ദൈവമഹത്വത്തിന് അതൊരിക്കലും ഭൂഷണമായിരിക്കയില്ല. ദൈവം അരുളിച്ചെയ്യുന്നത് ശ്രദ്ധിക്കുക; "എന്നാണ, ദുഷ്ടൻെറ മരണത്തിലല്ല, ദുഷ്ടൻ തൻെറ വഴി വിട്ടുതിരിഞ്ഞു ജീവിക്കുന്നതിൽ അത്രേ എനിക്ക് ഇഷ്ടമുള്ളതെന്ന് യഹോവയായ കർത്താവിൻെറ അരുളപ്പാട്" (യെഹെ. 33:11).

31. ദൈവം തൻെറ സ്നേഹാതിരേകത്താൽ മനുഷ്യൻ രക്ഷിക്കപ്പെടുവാനാഗ്രഹിച്ചു എന്നത് ശരിയാണ്. പക്ഷെ എങ്ങനെ? കേവലം അനുതാപം മൂലമോ? അനുതാപം കൊണ്ടു മാത്രം ദൈവനീതിയെ തൃപ്തിപ്പെടുത്തുവാൻ കഴിയാത്തതിനാൽ അതുകൊണ്ട് ശിക്ഷാവിധി മാറുകയില്ല. മനുഷ്യൻ അനുതപിച്ചാൽ തുടർന്ന് ഈ പാപത്തിന് അത് പ്രതിവിധിയായാൽ പ്പോലും മുൻപുചെയ്തുപോയ പാപങ്ങൾക്ക് അത് പ്രതിവിധി ആകുന്നില്ല. ദൈവത്തിൻെറ ന്യായവിധി അതിന്മേൽ വരാതിരിക്കയുമില്ല. ഈ വിഷമസ്ഥിതി മനസ്സിലാക്കിക്കൊണ്ട് ഒരുവൻ ഇപ്രകാരം ചോദിച്ചേക്കാം; "സകല മനുഷ്യരും രക്ഷപ്രാപിക്കാനും സത്യത്തിൻെറ പരിജ്ഞാനത്തിൽ എത്തുവാനും ദൈവം ഇച്ഛരിക്കന്നു"വെങ്കിൽ (1 തിമോ. 2:4) അതിനുള്ള മാർഗ്ഗം എന്താണ് അവശേഷിച്ചിട്ടുള്ളത്? പാപിയായ മനുഷ്യനെ നീതീകരിക്കുകയും, അതേസമയം ദൈവികനീതി നിർവ്വഹിക്കപ്പെടുകയും ചെയ്യേണ്ടതാണെന്ന് ദൈവം തീരുമാനിച്ചു. അതിനുവേണ്ടി ഒരു സമ്പൂർണ്ണയാഗം ആവശ്യമാണെന്നും സ്വർഗ്ഗീയ കോടതിയിൽ അംഗീകരിക്കപ്പെട്ടു. ആകയാൽ "ആദിയിൽ ദൈവത്തോടു കൂടെ ഉണ്ടായിരുന്ന ദൈവമായിരുന്ന വചനം" (ലോഗോസ്) യാഗമായിത്തീരുവാൻ സ്വയം തീരുമാനിക്കുകയുമുണ്ടായി. അങ്ങനെ എല്ലാ നിലയിലും അതിന് യോ

ഗ്യനായിരുന്ന അവൻ, പാപികളായ മനുഷ്യവർഗ്ഗത്തിനു വേണ്ടി ഒരു സമ്പൂർണ്ണയാഗമായിത്തീരുവാനും, അങ്ങനെ ദൈവിക നീതി ആവശ്യപ്പെട്ടതു മുഴുവൻ നിവർത്തിയാക്കുവാനും വേണ്ടി ഒരു മനുഷ്യനായി അവതരിച്ചു, ചുരുക്കത്തിൽ ക്രിസ്തു ഈ ഭൂമിയിൽ അവതരിക്കേണ്ടതിൻെറ ആവശ്യകത അതായിരുന്നു. അങ്ങനെ "വചനം ജഡമായിത്തീർന്നു. കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവൻെറ തേജസ്സ് പിതാവിൽനിന്നും ഏകജാതനായവൻെറ തേജസ്സായി കണ്ടു" (യോഹ. 1:14).

32. വാസ്തവത്തിൽ ആദിയിൽത്തന്നെ വചനം ജഡമെടുക്കുവാനായി തയ്യാറെടുക്കുകയായിരുന്നു. ക്രിസ്തു നൂററാണ്ടുകൾക്കുമുമ്പുതന്നെ വിവിധ നിലകളിൽ പ്രത്യക്ഷനായികൊണ്ടിരുന്നത്, തൻെറ മനുഷ്യാവതാരത്തിനുവേണ്ടിയുള്ള തയ്യാറെടുപ്പായിരുന്നുവെന്ന് ദൈവഭക്തനായ തെർത്തുല്യൻ ഒരിക്കൽ പറയുകയുണ്ടായി. ദൈവവചനം ആരെങ്കിലും ശ്രദ്ധാപൂർവ്വം പഠിക്കുകയാണെങ്കിൽ, വീണ്ടെടുപ്പുകാരനായ യഹോവ തന്നെയാണ് പഴയനിയമപ്രവാചകന്മാരുടെ ചെവിയിൽ രക്ഷകൻെറ ആഗമനത്തെക്കുറിച്ചുള്ള ദൂത് നല്കിയിട്ടുള്ളത് എന്നു മനസ്സിലാക്കുവാൻ കഴിയും. രക്ഷകനെക്കുറിച്ച് പ്രവാചകനായ യെശയ്യാവിൻെറ അധരപുടങ്ങളിൽനിന്നും പുറത്തുവന്ന പ്രവചനം ശ്രദ്ധിക്കുക; "അതുകൊണ്ട് കർത്താവ് തന്നെ നിങ്ങൾക്ക് ഒരു അടയാളം തരും. കന്യക ഗർഭിണിയായി, ഒരു മകനെ പ്രസവിക്കും; അവന്നു ഇമ്മാനുവേൽ എന്ന് പേർവിളിക്കും.............. ആ വാക്കിന് ദൈവം നമ്മോടുകൂടെ എന്നർത്ഥമാണുള്ളത്" (യെശ. 7:14, മത്താ. 1:22).

വീണ്ടും ദൈവവചനം എന്തു പറയുന്നു എന്നു നോക്കുക; "എന്നാൽ, കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തൻെറ പുത്രനെ സ്ത്രീയിൽനിന്ന് ജനിച്ചവനായി ന്യായപ്രമാണത്തിൻ കീഴ് ജനിച്ചവനായി നിയോഗിച്ചയച്ചത്, അവൻ ന്യായപ്രമാണത്തിൻകീഴുള്ളവരെ വിലയ്ക്കു വാങ്ങിയിട്ട് നാം പുത്രത്വം പ്രാപിക്കേണ്ടതിന്നു തന്നെ" (ഗലാ. 4:4,5).



എല്ലാ മനുഷ്യരും മരണമാകുന്ന ശിക്ഷയിൻ കീഴിലാണെന്നും, പാപമില്ലാത്ത നീതിമാനായ ഒരുവൻെറ മരണം മുഖാന്തരമല്ലാതെ ആ ശിക്ഷാവിധിക്ക് പരിഹാരം ഉണ്ടാകയില്ല എന്നും സുവിശേഷങ്ങളിൽ വെളിപ്പെടുത്തിയിരിക്കുന്നു. ആകയാൽ ദൈവവചനമാകുന്ന ക്രിസ്തു മനുഷ്യാവതാരമെടുക്കുവാൻ സ്വയമായി തീരുമാനിക്കുകയും, ന്യായപ്രമാണത്തിൻെറ ശാപത്തിൽനിന്നും മനുഷ്യവർഗ്ഗത്തെ ഉദ്ധരിക്കുവാനായി ജഡത്തിൽ മരണം അനുഭവിക്കുവാൻ സന്നദ്ധനാകയും ചെയ്തു. അങ്ങനെ അവനിൽ വിശ്വസിക്കുന്നവർക്ക് രക്ഷിക്കപ്പെടുവാനുള്ള പുതുവഴി അവൻ തുറക്കുകയും ചെയ്തു. അപ്പോസ്തലനായ പൗലോസ് ഈ സത്യമാണ് തിരുവചനത്തിൽകൂടി നമുക്ക് വെളിപ്പെടുത്തിതരുന്നത്. "അതുകൊണ്ട് ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല. ജീവൻെറ ആത്മാവിൻെറ പ്രമാണം എനിക്ക് പാപത്തിൻെറയും മരണത്തിൻെറയും പ്രമാണത്തിൽനിന്ന് ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരുന്നു. ജഡത്താലുള്ള ബലഹീനത നിമിത്തം ന്യായപ്രമാണത്തിന് കഴിയാഞ്ഞതിനെ സാധിപ്പാൻ ദൈവം തൻെറ പുത്രനെ പാപജഡത്തിൻെറ സാദൃശ്യത്തിലും പാപംനിമിത്തവും അയച്ചു. പാപത്തിന് ജഡത്തിൽ ശിക്ഷ വിധിച്ചു. ജഡത്തെയല്ല, ആത്മാവിനെയത്രെ അനുസരിച്ചു നടക്കുന്ന നമ്മിൽ ന്യായപ്രമാണത്തിൻെറ നീതി നിവൃത്തിയാകേണ്ടതിനു തന്നെ" (റോമ. 8:1-4). ഇതിൻെറ സാരം ഇതാണ്; കർത്താവും രക്ഷിതാവുമായ യേശുക്രിസ്തു, താൻ സ്വമേധയാ ഏറ്റെടുത്ത ജഡശരീരം യാതൊരു ഊനവുമില്ലാത്ത ഒരു സർവ്വാംഗ ഹോമയാഗമായി അർപ്പിച്ചതിനാൽ മനുഷ്യവർഗ്ഗത്തിന്മേൽ ഉണ്ടായിരുന്ന മരണത്തിൻെറ ശിക്ഷാവിധിയിൽനിന്നും അവർക്ക് മോചനം നല്കിയിരിക്കുന്നു; മാത്രമല്ല, അവൻ ഉയിർത്തെഴുന്നേല്ക്കുകയും എല്ലാവരേക്കാളും ഉന്നതനായിത്തീരുകയും ചെയ്തതിനാൽ, സ്വർഗ്ഗീയനീതി ആവശ്യപ്പെട്ടതു മുഴുവൻ നല്കുവാൻ അവൻ പ്രാപ്തനായിത്തീരുകയും ചെയ്തു.

33. വീണ്ടെടുപ്പിൻെറ രഹസ്യം മനസ്സിലാക്കുവാൻ ഒരു

പക്ഷെ നിങ്ങൾക്ക് അല്പം പ്രയാസമുണ്ടായേക്കാം. എന്നാൽ ദൈവത്തിൻെറ ദയയും കരുണയേയും സ്നേഹത്തെയും കുറിച്ച് സുവിശേഷങ്ങളിൽ വിശദീകരിച്ചിരിക്കുന്നത് നിങ്ങൾ ശരിയായി പഠിക്കുമെങ്കിൽ, ക്രിസ്തു നിർവ്വഹിച്ച വീണ്ടെടുപ്പിൻ വേല ദൈവത്തിൻെറ ദയയ്ക്കനുസാരമായിട്ടാണെന്ന് കാണുവാൻ കഴിയും.

പുതിയ നിയമത്തിൽ ദൈവാത്മനിശ്വസ്തമായി രേഖപ്പെടുത്തിയിരിക്കുന്ന താഴെ പറയുന്ന വേദഭാഗങ്ങൾ നിങ്ങൾ ആത്മാർത്ഥമായി വായിക്കുകയും പഠിക്കുകയും ചെയ്യുമെങ്കിൽ, നിങ്ങളുടെ രക്ഷയ്ക്കായി ദൈവസ്നേഹം ഏതളവുവരെ പ്രവർത്തിച്ചു എന്നു മനസ്സിലാക്കാം.

“മക്കൾ ജഡരക്തങ്ങളോടുകൂടിയവർ ആകകൊണ്ട് അവനും അവരെപ്പോലെ ജഡരക്തങ്ങളോടുകൂടിയവനായി മരണത്തിൻെറ അധികാരിയായ പിശാചിനെ തൻെറ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നവരെയൊക്കെയും വിടുവിച്ചു” (എബ്രാ. 2:14,15).

“അവൻെറ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പുമൂലം സൗജന്യമായത്രെ നീതികരിക്കപ്പെടുന്നത്. വിശ്വസിക്കുന്നവർക്ക് അവൻ തൻെറ രക്തം മൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിർത്തിയിരിക്കുന്നു. ദൈവം തൻെറ പൊറുമയിൽ മുൻകഴിഞ്ഞ പാപങ്ങളെ ശിക്ഷിക്കാതെ വിടുക നിമിത്തം..........” (റോമ. 3:24,25).

“ക്രിസ്തുവോ, നാം പാപികളായിരിക്കുമ്പോൾ തന്നെ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്ക് നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു. അവൻെറ രക്തത്താൽ നീതികരിക്കപ്പെട്ടശേഷമോ നാം അവനാൽ എത്ര അധികമായി കോപത്തിൽ നിന്ന് രക്ഷിക്കപ്പെടും” (റോമ. 5:8,9).

“സ്വന്തപുത്രനെ ആദരിക്കാതെ നമുക്കെല്ലാവർക്കും വേണ്ടി ഏല്പിച്ചുതന്നവൻ അവനോടുകൂടെ സകലവും നമുക്ക് നല്കാതിരിക്കുമോ” (റോമ. 8:32).



34. ഇനിയും ക്രിസ്തുവിൻെറ മനുഷ്യാവതാരത്തിനുള്ള പ്രാവചനികമായ തെളിവുകൾ നോക്കാം; “എന്നെ ആഗ്രഹിക്കാത്തവൻ എന്നെ അന്വേഷിപ്പാൻ ഇടയായി. എന്നെ അന്വേഷിക്കാത്തവർക്ക് എന്നെ കണ്ടെത്തുവാൻ സംഗതിവന്നു. എൻെറ നാമം വിളിച്ചപേക്ഷിക്കാത്ത ജാതിയോട്, ഇതാ ഞാൻ, ഇതാ ഞാൻ എന്ന് ഞാൻ പറഞ്ഞു. സ്വന്തവിചാരങ്ങളനുസരിച്ച് ആകാത്ത വഴിയിൽ നടക്കുന്ന മത്സരമുള്ള ജനത്തിങ്കലേക്ക് ഞാൻ ഇടവിടാതെ കൈനീട്ടുന്നു” (യെശ. 65:1,2). ഈ വാക്യം യേശുക്രിസ്തുവിൻെറ മനുഷ്യാവതാരത്തെയാണ് ചൂണ്ടികാണിക്കുന്നത്. കാരണം, അപ്പോസ്തലനായ പൗലോസ് ഇതേ വാക്യം ഉദ്ധരിച്ചുകൊണ്ട് സംസാരിക്കുന്നത് ശ്രദ്ധിക്കുക; “യെശയ്യാവോ, എന്നെ അന്വേഷിക്കാത്തവർ എന്നെ കണ്ടെത്തി, എന്നെ ചോദിക്കാത്തവർക്ക് ഞാൻ പ്രത്യക്ഷനായി എന്നു ധൈര്യത്തോടെ പറയുന്നു. യിസ്രായേലിനെക്കുറിച്ചോ അനുസരിക്കാത്തതും മറുത്തുപറയുന്നതുമായ ജനത്തിങ്കലേക്ക് ഞാൻ ഇടവിടാതെ കൈനീട്ടി എന്ന് അവൻ പറയുന്നു” (റോമ. 10:20,21). വാസ്തവത്തിൽ യേശുക്രിസ്തു ഈ ഭൂമിയിൽവെച്ച് എല്ലാവരോടും തങ്കലേക്കു വരുവാൻ കൈനീട്ടി വിളിക്കുന്നത് നാം കാണുന്നുണ്ട്.

“അവർ യഹോവയുടെ മഹത്വവും നമ്മുടെ ദൈവത്തിൻെറ തേജസ്സും കാണും. തളർന്ന കൈകളെ ബലപ്പെടുത്തുവിൻ, കുഴഞ്ഞ മുഴങ്കാലുകളെ ഉറപ്പിപ്പിൻ. മനോഭീതിയുള്ളവരോട് ധൈര്യപ്പെടുവിൻ, ഭയപ്പെടേണ്ട: ഇതാ നിങ്ങളുടെ ദൈവം; പ്രതികാരവും ദൈവത്തിൻെറ പ്രതിഫലവും വരുന്നു: അവൻ വന്നു നിങ്ങളെ രക്ഷിക്കും എന്നു പറവിൻ; അന്നു കുരുടന്മാരുടെ കണ്ണ് തുറന്നുവരും, ചെകിടന്മാരുടെ ചെവി അടഞ്ഞിരിക്കയുമില്ല; അന്നു മുടന്തൻ മാനിനെപ്പോലെ ചാടും; ഊമൻെറ നാവും ഉല്ലസിച്ചു ഘോഷിക്കും” (യെശ. 35:2-6). ഈ പ്രവചനത്തിൽ നിന്നും ദൈവം ഈ ഭൂമിയിൽ വസിക്കുമെന്നും അപ്പോൾ അവൻെറ പ്രവർത്തനങ്ങൾ ഏതുവിധമായിരിക്കുമെന്നുള്ള സൂചനകൾ ലഭിക്കുന്നു. ഇതേ സത്യം ക്രി

സ്തുവിനോടുള്ള ബന്ധത്തിൽ സുവിശേഷങ്ങളിൽ വിശദീകരിച്ചിരിക്കുന്നത് നോക്കുക; "എന്നാറെ യോഹന്നാൻ തൻെറ ശിഷ്യന്മാരിൽ രണ്ടുപേരെ വിളിച്ച് കർത്താവിൻെറ അടുക്കൽ അയച്ചു: വരുവാനുള്ളവൻ നീയോ? അല്ല, ഞങ്ങൾ മറ്റൊരുത്തനെ കാത്തിരിക്കേണമോ എന്നു പറയിച്ചു. ആ പുരുഷന്മാർ അവൻെറ അടുക്കൽ വന്നു, വരുവാനുള്ളവൻ നീയോ? അല്ല, ഞങ്ങൾ മറ്റൊരുത്തനെ കാത്തിരിക്കേണമോ? എന്നു ചോദിപ്പാൻ യോഹന്നാൻ സ്നാപകൻ ഞങ്ങളെ നിൻെറ അടുക്കൽ അയച്ചിരിക്കുന്നു എന്നു പറഞ്ഞു. ആ നാഴികയിൽ അവൻ വ്യാധികളും ദണ്ഡങ്ങളും ദുരാത്മാക്കളും പിടിച്ച പലരേയും സൗഖ്യമാക്കുകയും പല കുരുടന്മാർക്കും കാഴ്ച നല്കുകയും ചെയ്തിട്ട് അവരോട് കുരുടർ കാണുന്നു, മുടന്തർ നടക്കുന്നു, കുഷ്ഠരോഗികൾ ശുദ്ധരായിത്തീരുന്നു, ചെകിടർ കേൾക്കുന്നു, മരിച്ചവർ ഉയിർത്തെഴുന്നേല്ക്കുന്നു, ദരിദ്രന്മാരോട് സുവിശേഷം അറിയിക്കുന്നു എന്നിങ്ങനെ നിങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുന്നത് യോഹന്നാനെ ചെന്ന് അറിയിപ്പിൻ. എന്നാൽ എങ്കൽ ഇടറിപ്പോകാത്തവൻ ഭാഗ്യവാൻ എന്ന് ഉത്തരം പറഞ്ഞു." (ലൂക്കോ. 7:19-23).

"അതിക്രമത്തെ തടസ്സംചെയ്ത് പാപങ്ങളെ മുദ്രയിടുവാനും അകൃത്യത്തിന് പ്രായശ്ചിത്തം ചെയ്ത് നിത്യനീതി വരുത്തുവാനും ദർശനവും പ്രവചനവും മുദ്രയിടുവാനും അതിപരിശുദ്ധമായതിനെ അഭിഷേകം ചെയ്വാനും തക്കവണ്ണം നിൻെറ ജനത്തിനും വിശുദ്ധ നഗരത്തിനും എഴുപത് ആഴ്ചവട്ടം നിയമിച്ചിരിക്കുന്നു. അതുകൊണ്ട് നീ അറിഞ്ഞ് ഗ്രഹിച്ചുകൊള്ളേണ്ടതെന്തെന്നാൽ, യെരൂശലേമിനെ യഥാസ്ഥാനപ്പെടുത്തി പണിയുവാൻ കല്പന പുറപ്പെടുന്നത് മുതൽ അഭിഷിക്തനായൊരു പ്രഭുവരെ ഏഴു ആഴ്ചവട്ടം" (ദാനി. 9:24,25). ഈ പ്രവചനത്തിൽ ക്രിസ്തുവിനെക്കുറിച്ചുള്ള സൂചനകൾ ഉണ്ടെന്നു മാത്രമല്ല, അഭിഷിക്തനായവൻ കേവലം ഒരു മനുഷ്യനല്ല, പ്രത്യുത, വിശുദ്ധനും അത്യുന്നതനുമായ ഒരു വ്യക്തിയായിരിക്കുമെന്നും സൂചിപ്പിച്ചിരിക്കുന്നു. വാസ്തവത്തിൽ



ക്രിസ്തു ഭൂജാതനായപ്പോൾ പ്രസ്തുത പ്രവചനം നിവൃത്തിയായി എന്നും റോമൻ ഭരണാധികാരത്തിൽനിന്നും തങ്ങൾക്കുടനെ മോചനം ലഭിക്കുമെന്നും യെഹൂദജനം വിചാരിച്ചു. "അതിവിശുദ്ധനായവൻ" അഭിഷേകം ചെയ്യപ്പെടുന്നതുവരെ മാത്രമേ തങ്ങളുടെ രാജാക്കന്മാർ ഭൂമിയിൽ വാഴുകയുള്ളു എന്നവർ പ്രതീക്ഷിച്ചിരുന്നു. കാരണം, അവരുടെ പൂർവ്വപിതാവായ യാക്കോബിൻെറ പ്രവചനത്തിൽ മശീഹയുടെ വരവുവരെ മാത്രമേ യെഹൂദരാജാക്കന്മാർ രാജ്യം ഭരിക്കയുള്ളു എന്നു സൂചിപ്പിച്ചിരുന്നു. ആ പ്രവചനം ഇപ്രകാരമാണ്; "അവകാശമുള്ളവൻ വരുവോളം ചെങ്കോൽ യെഹൂദയിൽനിന്നും രാജദണ്ഡ് അവൻെറ കാലുകളുടെ ഇടയിൽനിന്നും നീങ്ങിപ്പോകയില്ല" (ഉല്പ. 49:10).

"ഹനനയാഗവും ഭോജനയാഗവും നീ ഇച്ഛരിച്ചില്ല. നീ ചെവികളെ എനിക്ക് തുളച്ചിരിക്കുന്നു. ഹോമയാഗവും പാപയാഗവും നീ ചോദിച്ചില്ല, അപ്പോൾ ഞാൻ പറഞ്ഞു; ഇതാ ഞാൻ വരുന്നു, പുസ്തകച്ചുരുളിൽ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നു. എൻെറ ദൈവമേ, നിൻെറ ഇഷ്ടം ചെയ്വാൻ ഞാൻ പ്രിയപ്പെടുന്നു. നിൻെറ ന്യായപ്രമാണം എൻെറ ഉള്ളിൽ ഇരിക്കുന്നു" (സങ്കീ. 40:6-8).

35. ഈ വാക്യങ്ങളെ എബ്രായർ 10:5-10 വാക്യങ്ങളുമായി താരതമ്യംചെയ്തു നോക്കിയാൽ സങ്കീർത്തനങ്ങളിൽ പറഞ്ഞിരിക്കുന്ന വ്യക്തി കർത്താവായ യേശുക്രിസ്തു തന്നെയാണെന്ന് മനസ്സിലാക്കുവാൻ ഒരു പ്രയാസവുമുണ്ടാകയില്ല. പഴയനിയമകാലത്ത് കഴിച്ചുപോന്ന യാഗങ്ങളും വഴിപാടും സർവ്വാംഗ ഹോമങ്ങളും പാപയാഗങ്ങളും ദൈവം ആഗ്രഹിച്ചില്ല എന്നും, അവയിൽ പ്രസാദിച്ചതുമില്ല എന്നും പറഞ്ഞിരിക്കുന്നു. "അത്യുന്നതനായവൻ അവയല്ല ആഗ്രഹിച്ചത്" എന്നു പറഞ്ഞശേഷം, "യേശുക്രിസ്തു ഒരിക്കലായി കഴിച്ച ശരീരയാഗത്തിലാണ് ദൈവം പ്രസാദിക്കുന്നത് എന്നും ആ ശരീരയാഗത്താലാണ് നാം വിശുദ്ധീകരിക്കപ്പെടുന്നത്" എന്നും വ്യക്തമാക്കിയിരിക്കുന്നു.

തിരുവെഴുത്തുകൾ വെളിപ്പെടുത്തുന്ന ഒരു സത്യം ഇതാണ്. ദൈവത്തിന്റെ ആലോചനാസഭയിലെ ഒരു പ്രധാന ചർച്ചവിഷയം, പഴയനിയമ യാഗങ്ങളെക്കാൾ മെച്ചപ്പെട്ട ഒരു സമ്പൂർണ്ണയാഗം എങ്ങനെ അർപ്പിക്കാമെന്നുള്ളതായിരുന്നു. ഭയഭക്തിയോടെ നാം നമ്മുടെ തലകളെ ദൈവസന്നിധിയിൽ വണക്കുമ്പോൾ, നമ്മുടെ പരിമിതമായ മനസ്സിന് ഗ്രഹിക്കുവാൻ പ്രയാസമായതാണെങ്കിലും, തിരുവെഴുത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന സത്യമെന്തെന്നാൽ, കഴിഞ്ഞ നിത്യതയിൽ, "ദൈവിക സാരാംശത്തിലെ മൂന്ന് ആളത്വങ്ങളും" (അറബിയിൽ - അഖ്വാനീം) ഭൂമിയിൽ ഉണ്ടാകുവാൻ പോകുന്ന മനുഷ്യവർഗ്ഗത്തിലേക്ക് ഉറ്റുനോക്കുകയും, അപ്പോൾ മനുഷ്യവർഗ്ഗത്തിലേക്ക് ഉറ്റുനോക്കുകയും, അപ്പോൾ മനുഷ്യവർഗ്ഗത്തിന്മേൽ നിപതിക്കുവാൻ പോകുന്ന പാപത്തെയും മരണത്തെയുംകുറിച്ച് അവർ ബോധവാന്മാരുകയും, അങ്ങനെ വീണ്ടെടുപ്പിനുള്ള പദ്ധതി തയ്യാറാക്കുകയും ചെയ്തു എന്ന് നമുക്ക് ബോദ്ധ്യമാകുന്നതാണ്. ആകയാൽ പുത്രനാം ദൈവം ആ വേല പൂർത്തീകരിക്കുവാൻവേണ്ടി സ്വമേധയാ മുൻപോട്ടു വരുന്നതായി നമ്മുടെ ഭാവനയിൽ സങ്കല്പിക്കാവുന്നതാണ്. ഈ ബന്ധത്തിലാണ് ക്രിസ്തു ഇപ്രകാരം പറയുന്നത്; "വീണുപോയ ലോകത്തെ വീണ്ടെടുക്കുവാനായി ഞാനിതാ പോകുന്നു."

36. ദൈവത്തിന്റെ വാഗ്ദാനങ്ങൾ മുഴുവൻ തങ്ങൾക്ക് അവകാശപ്പെട്ടതാണെന്ന് വിചാരിച്ചുപോന്ന ഒരു ജനതതിക്കായി മാത്രം ക്രിസ്തുവിന്റെ വീണ്ടെടുപ്പിൻ വേല പരിമിതിപ്പെടുത്താതെ, ലോകമെങ്ങുമുള്ള മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ നന്മയ്ക്കുമായി പ്രയോജനപ്പെടുത്തുവാൻ കർത്താവ് ആഗ്രഹിക്കുകയും, അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തു.

ഇനിയുമാരെങ്കിലും ഇപ്രകാരം ചോദിക്കുവാൻ പരീക്ഷിക്കപ്പെട്ടേക്കാം. "ക്രൂശുമുഖാന്തരമല്ലാതെ വേറെയേതെങ്കിലും നിലയിൽ ആ മരണം നടത്തുവാൻ കഴിയുമായിരുന്നില്ലേ?" ഇതിനുള്ള മറുപടിയായി എനിക്ക് പറയുവാനുള്ളത് ഇതാണ്.



ആ നിലയിൽ നമ്മെ വീണ്ടെടുക്കുവാനാണ് കർത്താവിന് പ്രസാദം തോന്നിയത്. നമ്മെ വീണ്ടെടുക്കുവാൻ ഇതിനേക്കാൾ യോഗ്യമായ മറ്റൊരു മാർഗ്ഗം കർത്താവ് കണ്ടില്ല. മനുഷ്യാവതാരമെടുത്ത ക്രിസ്തു ഈ നിലയിൽ മരിക്കുവാൻ തീരുമാനിച്ചത് നമുക്കുവേണ്ടി തന്നെയാണ്. കാരണം, ന്യായപ്രമാണത്തിന്റെ ശാപത്തിൻകീഴിൽ അമർന്നുകിടന്നിരുന്ന നമ്മെ അതിൽ നിന്നും നീതീകരിച്ച് ഉദ്ധരിക്കണമെങ്കിൽ അവൻ നമുക്കുവേണ്ടി പാപമാക്കപ്പെടത്തക്കവണ്ണം നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ട് കാൽവറി ക്രൂശിൽ കയറിയാലല്ലാതെ എങ്ങനെയാണ് സാധിക്കുക?

മനുഷ്യവതാരമെടുത്ത കർത്താവിന്റെ മരണം എല്ലാവർക്കുംവേണ്ടി പ്രായശ്ചിത്തമായിത്തീർന്നതിനാൽ, ന്യായപ്രമാണം എന്ന ശത്രുത്വം തന്റെ ജഡത്താൽ നീക്കി വേർപാടിന്റെ നടുച്ചുവർ അവൻ ഇടിച്ചുകളഞ്ഞിരിക്കയാണ് (എഫേ. 2:14). അങ്ങനെ മാനവരാശിക്ക് മുഴുവനായി അതിന്റെ പ്രയോജനം ലഭിക്കുകയും ചെയ്തു. അങ്ങനെയിരിക്കെ അവൻ ക്രൂശിക്കപ്പെടാതെ നമ്മെ ദൈവത്തോട് നിരപ്പിക്കുവാൻ എങ്ങനെയാണ് സാധിക്കുന്നത്. ആകയാൽ ഏറ്റവും ലജ്ജാകരമായ ക്രൂശുമരണം വരിക്കുവാനായി കർത്താവിന് പ്രസാദം തോന്നിയതിനാൽ അവന്റെ വിലയേറിയ നാമം ഇന്നുമെന്നേക്കും മഹത്വപ്പെടുമാറാകട്ടെ. അങ്ങനെ അവൻ ഇരുകരങ്ങളും കാൽവറി ക്രൂശിൽവെച്ച് രണ്ടു ഭാഗത്തേക്കും നീട്ടിക്കൊണ്ട്, ഒരു കൈകൊണ്ട് യെഹൂദവിശുദ്ധന്മാരേയും മറ്റേ കൈകൊണ്ട് ജാതികളിൽ നിന്നുള്ള വിശുദ്ധന്മാരേയും പിടിച്ച്, ഇരുപക്ഷത്തെയും ഒരുമിച്ച് ചേർത്ത് ദൈവത്തോട് നിരപ്പിപ്പാനും അവന് പ്രസാദം തോന്നി. ആകയാൽ, "ഞാനോ ഭൂമിയിൽനിന്ന് ഉയർത്തപ്പെട്ടാൽ എല്ലാവരേയും എങ്കലേക്ക് ആകർഷിക്കും" എന്ന് കർത്താവായ യേശുക്രിസ്തു പറഞ്ഞ പ്രവചനം നിവൃത്തിയാകുവാനിടയായി.

* * * * * * *

## ചോദ്യങ്ങൾ

ഈ പുസ്തകം വായിച്ചതിൽനിന്നും നിങ്ങൾക്ക് എന്തു മാത്രം അറിവ് ലഭിച്ചു എന്ന് പരിശോധിക്കുവാനായി താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുന്നത് പ്രയോജനകരമായിരിക്കും. ശരിയായ ഉത്തരമെഴുതി അയയ്ക്കുന്നവർക്ക് ഞങ്ങൾ ഒരു നല്ല പുസ്തകം സമ്മാനമായി അയച്ചു തരുന്നതാണ്.

1. എന്തുകൊണ്ടാണ് മനുഷ്യന് സ്വയമായി നല്ലവനും പരിപൂർണ്ണനുമായിരിപ്പാൻ കഴിയാത്തത്?
2. ദൈവവുമായി നിരപ്പ് പ്രാപിക്കുന്നതിനുള്ള ഏകമാർഗ്ഗം എന്താണ്?
3. മനുഷ്യൻ സമ്പൂർണ്ണമായും പാപിയാണെന്നു പറയുന്നതിനുള്ള മൂന്ന് തെളിവുകൾ എന്തെല്ലാം?
4. നാം പാപികളായി തന്നെ ഇരിക്കണമെന്നാണോ ദൈവം ആഗ്രഹിക്കുന്നത്? നമ്മുടെ രക്ഷയ്ക്കുള്ള മുഖാന്തരമെന്താണ്?
5. മനുഷ്യഹൃദയത്തിലെ ഏറ്റവും വലിയ ആഗ്രഹമെന്താണ്?
6. ദൈവത്തിൻെറ നിലവാരത്തിലേക്ക് മനുഷ്യൻ ഉയർത്തപ്പെടുവാനുള്ള മുഖാന്തരമെന്താണ്?
7. മനുഷ്യർക്കും ദൈവത്തിനും ഇടയിലുള്ള മദ്ധ്യസ്ഥന് ഉണ്ടായിരിക്കേണ്ട അത്യന്താപേക്ഷിതമായ യോഗ്യതകൾ എന്തെല്ലാമാണ്?
8. ഒരു സ്വർഗ്ഗീയ മദ്ധ്യസ്ഥനുള്ള യോഗ്യതകളെല്ലാം ക്രിസ്തുവിൽ എങ്ങനെ നിറവേറിയിരിക്കുന്നു?
9. മനുഷ്യവർഗ്ഗത്തിൻെറ സമ്പൂർണ്ണ നന്മയ്ക്കുവേണ്ടി സൂചിപ്പിക്കപ്പെട്ടിരിക്കുന്ന രണ്ട് ഘടകങ്ങൾ എന്തെല്ലാമാണ്?
10. ക്രിസ്തു തൻെറ ശിഷ്യന്മാരെ തൻെറ ചുറ്റും കൂട്ടിവരുത്തിയത് എന്തിനാണ്?



11. യേശുക്രിസ്തുവിനെ അവൻെറ ശത്രുക്കൾ ബന്ധിച്ചുകൊണ്ടു പോയപ്പോൾ അവൻെറ പ്രതികരണം എന്തായിരുന്നു?
12. ക്രിസ്തുവിൻെറ വിജയം വ്യക്തമായത് എങ്ങനെയാണ്?
13. ക്രിസ്തുവിൻെറ മരണ പുനരുത്ഥാനങ്ങളാൽ ഉണ്ടായ ഫലമെന്താണ്?
14. ക്രിസ്തുവിൻെറ ദൈവത്വം ലോകത്തിന് ബോദ്ധ്യമായതെങ്ങനെയാണ്?
15. മനുഷ്യജീവിതം എങ്ങനെയാണ് സമൂലമായി രൂപാന്തരപ്പെടുന്നത്?
16. വിശുദ്ധ ബൈബിളിൽ ക്രിസ്തുവിന് നല്കിയിരിക്കുന്ന ഗുണഗണങ്ങൾ എന്തെല്ലാമാണ്?
17. സ്രഷ്ടാവും സൃഷ്ടികളും തമ്മിൽ ബന്ധമുള്ളതായി ഇസ്ലാം അംഗീകരിക്കുന്നുണ്ടോ?
18. ദൈവവും മനുഷ്യവർഗ്ഗവുമായി നേരിട്ട് ബന്ധമുണ്ടെന്നുള്ളതിന് പാരമ്പര്യം എന്ത് സൂചനയാണ് നല്കുന്നത്?
19. ദൈവത്വത്തിൽനിന്നും മനുഷ്യത്വം പരിപൂർണ്ണമായി ഒഴിവാക്കിയാൽ (അറബിയിൽ - തൻസീഹ്) എന്തായിരിക്കും പരിണിതഫലം?
20. ദൈവം എല്ലാ രാത്രിയിലും താഴെയുള്ള സ്വർഗ്ഗത്തിലേക്ക് ഇറങ്ങി വരുന്നതിനെക്കുറിച്ച് പാരമ്പര്യം എന്താണ് പറയുന്നത്?
21. മനുഷ്യാവതാരം മൂലം ദൈവത്തിൻെറ സാരാംശത്തിനോ ശക്തിക്കോ യാതൊരു കുറവും സംഭവിച്ചിട്ടില്ല എന്ന് നിങ്ങൾക്ക് എങ്ങനെ തെളിയിക്കാം?
22. ദൈവത്തിന് മനുഷ്യാവതാരം എടുക്കുവാനും തൻെറ ഹിതം വെളിപ്പെടുത്തുവാനും കഴിയുമോ?
23. ദൈവം ഒരു ഭവനത്തിൽ പാർത്തു എന്നുള്ള പാരമ്പര്യത്തിൻെറ അർത്ഥമെന്താണ്?

24. വിശുദ്ധനായ ദൈവം ഒരു സ്ത്രീയുടെ ഗർഭപാത്രത്തിൽ എങ്ങനെയാണ് ജീവിക്കുക?

25. ദൈവം മോശെയ്ക്ക് കത്തുന്ന മുൾപ്പടർപ്പിൽ പ്രത്യക്ഷനായി എന്നു പറഞ്ഞാൽ അതിന്റെ അർത്ഥമെന്താണ്?

26. എന്താണ് അശുദ്ധി?

27. ദൈവം അശുദ്ധനാകാതെ ലൗകിക കാര്യങ്ങളിൽ എങ്ങനെയാണ് വെളിപ്പെടുന്നത്? ദൈവത്തിന് നഷ്ടമൊന്നും ഭവിക്കാതെ മനുഷ്യാവതാരമെടുക്കാൻ കഴികയില്ലയോ?

28. എങ്ങനെയാണ് മനുഷ്യന് ദൈവതേജസ്സ് നഷ്ടമായത്?

29. ദൈവം തന്റെ സൃഷ്ടികളെ അശുദ്ധിയിൽ വിട്ടുകളയുമെന്ന് വിചാരിക്കുവാൻ ന്യായമുണ്ടോ?

30. കേവലം അനുതാപംകൊണ്ടു മാത്രം രക്ഷിക്കപ്പെടുവാൻ കഴിയുകയില്ല എന്നു പറയുവാൻ കാരണമെന്താണ്?

31. ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന് തിരുവെഴുത്തുകളിൽ തെളിവുകൾ എന്തെല്ലാമാണ്?

32. അവന്റെ മനുഷ്യാവതാരത്തിലുള്ള പ്രാവചനികമായ തെളിവുകൾ എന്തെല്ലാം?

33. ദൈവത്തിന് ഏറ്റവും പ്രസാദകരമായ യാഗം ഏതാണ്?

34. യേശുക്രിസ്തുവിന്റെ വീണ്ടെടുപ്പുവേല യെഹൂദന്മാർക്കു വേണ്ടി മാത്രമായിരുന്നുവോ? അതോ, മുഴുവൻ മനുഷ്യവർഗ്ഗത്തിനും വേണ്ടിയായിരുന്നുവോ?

നിങ്ങളുടെ മറുപടി താഴെ കാണുന്ന
വിലാസത്തിൽ അയയ്ക്കുക.

പി.ബി. നമ്പർ 45
കായംകുളം-കേരള